# ക്രൈസ്തവ വനിത

September - October 2020



A fundamental Christian bi-monthly publication of the women, by the women, for the family

2020
September-October

Volume XIII
Issue 5

# ക്രൈസ്തവ വനിത

## താളുകൾ മറിക്കുമ്പോൾ


- ആകസ്മികമോ ദൈവനിയോഗമോ? – മേരി അഞ്ചൻ 1
- സ്ത്രീകളിൽ ജ്ഞാനമുള്ളവൾ തന്റെ വീട് പണിയുന്നു – എൽസി ബേബി 3
- ധൈര്യം പകർന്ന് ധൈര്യത്തോടെ ... – എൽസി തോമസ് 5
- കർത്താവിനുവേണ്ടി തുറക്കപ്പെട്ട ചില ഹൃദയങ്ങൾ... – മോളിക്കുട്ടി ചാക്കോ 7
- പുസ്തകം മാറ്റി എഴുതിയ നിരീശ്വരവാദികൾ – 2 – മേരി അഞ്ചൻ 10
- മക്കൾ അമൂല്യനിധി – ഡോ. കുഞ്ഞുമോൻ ചാക്കോ 12
- കാലത്തെ വിവേചിക്കുക – യോഹന്നാൻ ഏബ്രഹാം 14
- കർത്തൃസാന്നിദ്ധ്യം ... – തങ്കമ്മ സാം 16
- വ്യർത്ഥമായ ടിക്കറ്റുകൾ – ജോർജ് ജോൺ 18
- For Thou Art With me – Chris Anchan 20
- ആഹാബിന്റെ മകൾ – ഡോ. ചാൾസ് ജോൺ 22
- Quest -73 കവർ 4


ക്രൈസ്തവ വനിതയിൽ പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിലെ ആശയങ്ങളുടെ ഉത്തരവാദിത്തം ലേഖനകർത്താക്കൾക്കാണ്. - എഡിറ്റർ

ലേഖനങ്ങൾ, കത്തുകൾ എന്നിവ
**ക്രൈസ്തവ വനിത, ഗുഡ് ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം 695011**
എന്ന വിലാസത്തിൽ സദയം അയയ്ക്കുക

**CHRISTIAN WOMAN**
*For private circulation only*

**Editorial Board**

Founder Editor
**Annamma Charles John**

Chief Editor
**Mrs. Mary Anchan**

Associate Editor
**Mrs. Sherine Kingston**

Sub Editor
**Mrs. Sobha Selin**

Telephone: 0471-2542870
E-mail: chasjohn@gnmindia.org
Mob: 9446548079

എഡിറ്റോറിയൽ

# ആകസ്മികമോ ദൈവനിയോഗമോ?



ടോം ഹാഡ്സെൽ (Tom Hadsell) എന്ന ദൈവദാസന്റെ സാക്ഷ്യം ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. തന്റെ മാതാമഹൻ ചിക്കാഗോയിലുള്ള ഒരു ചെറിയ പള്ളിയിലെ അംഗമായിരുന്നു. മരപ്പണിയിൽ വിദഗ്ധനായിരുന്ന അദ്ദേഹം ഒരു നാൾ ചൈനയിലെ ഒരു അനാഥശാലയിലേക്ക് അയച്ചുകൊടുക്കാൻ സാമാനങ്ങൾ വീപ്പയിൽ അടുക്കി ഭദ്രമാക്കിയ ശേഷം സ്വഭവനത്തിലേക്ക് മടങ്ങിപ്പോയി. പിന്നീടാണ് തന്റെ പോക്കറ്റിൽകിടന്ന കണ്ണട നഷ്ടപ്പെട്ടതായി അറിയുന്നത്. അന്നു രാവിലെ ഇരുപതുഡോളർ കൊടുത്തു വാങ്ങിയ പുതിയ കണ്ണട ആയിരുന്നു അത്. ഇനി ഒന്നു വാങ്ങുവാൻ പണവുമില്ല. കർത്താവേ, ഞാൻ എത്ര ശുഷ്ക്കാന്തിയോടെ നിന്റെ വേല ചെയ്യുന്നു. എനിക്ക് ഇങ്ങനെ സംഭവിക്കാൻ ഞാൻ എന്തു തെറ്റു ചെയ്തു എന്ന് അദ്ദേഹം വിലപിച്ചു. സാമാനങ്ങൾ നിറച്ചതിനുശേഷം വീപ്പയ്ക്കു ആണിതറച്ചുകൊണ്ടു ഇരുന്നപ്പോൾ പോക്കറ്റിൽനിന്നും കണ്ണട അതിനുള്ളിൽ വീണുപോയതാണെന്നു മനസ്സിലായി.

ഒരു വർഷത്തിനുശേഷം അനാഥശാലയുടെ ഡയറക്ടർ ചൈനയിൽ നിന്നും തങ്ങളെ സഹായിക്കുന്ന പള്ളികളെ സന്ദർശിക്കുവാനായി തന്റെ രാജ്യത്തേക്കു മടങ്ങിവന്നു. മേല്പറഞ്ഞ പള്ളിയിലും വരുകയുണ്ടായി. അവരുടെ എല്ലാവിധ സഹായസഹകരണങ്ങൾക്കായും കൃതജ്ഞത രേഖപ്പെടുത്തി. ഒടുവിലായി അദ്ദേഹത്തിനു ലഭിച്ച അതിപ്രധാനമായ പാരിതോഷികത്തിനായി പ്രത്യേക നന്ദി പറയുകയും ചെയ്തു. സാമാനങ്ങൾ ലഭിച്ച അതേ ദിവസം രാവിലെ കമ്മ്യൂണിസ്റ്റുകാർ അനാഥശാലയിലെ സകലസാമാനങ്ങളും നശിപ്പിച്ചപ്പോൾ തന്റെ കണ്ണടയും നഷ്ടപ്പെട്ടുപോയിരുന്നു എന്നും വേറൊന്ന് വാങ്ങുവാൻ പണമില്ലാതെ വിഷമിച്ചിരുന്നപ്പോഴാണ് അപ്രതീക്ഷിതമായി ഒരു പുതിയ കണ്ണട ദൈവം അയച്ചു കൊടുത്തതെന്നും പറഞ്ഞ് വീണ്ടും വീണ്ടും കൃതജ്ഞത പ്രകടിപ്പിച്ചു.

കമ്മ്യൂണിറ്റുകാരാൽ ആക്രമിക്കപ്പെട്ട് സ്വന്തം കണ്ണടപോലും അന്നു രാവിലെ നഷ്ടപ്പെട്ട ഒരു സുവിശേഷകൻ ചൈനയിൽ! അമേരിക്കയിലെ ഒരു കർത്തൃദാസന്റെ നഷ്ടപ്പെട്ട പുതിയ കണ്ണട! ദൈവത്തിന്റെ നിഘണ്ടുവിൽ ആകസ്മികം എന്നൊന്നില്ല; എല്ലാം ദൈവനിയോഗമാണ്.

യിസ്രായേൽ രാജാവായ ആഹാബിന്റെയും, ജനങ്ങളുടെയും പാപഫലമായി ദേശത്ത് മൂന്നര വർഷക്കാലം മഴയോ, മഞ്ഞോ ഉണ്ടാകയില്ലെന്നും, അനന്തരഫലമായി രൂക്ഷമായ ക്ഷാമം സംഭവിക്കുമെന്നും യഹോവയായ ദൈവം പ്രവാചകനായ ഏലിയാവു മുഖാന്തരം ആഹാബിനോട് അരുളിച്ചെയ്തു. തത്ഫലമായി പ്രവാചകന്റെ പ്രാണൻ അപകടത്തിലായി. ഏലിയാവിന്റെ ജീവരക്ഷയ്ക്കും, പരിപോഷണത്തിനുമായി യഹോവ അവനെ യോർദ്ദാനു സമീപം കെരീത്ത് തോട്ടിന്നരികെ ഒളിപ്പിച്ചു. ഏലിയാ

വിന് കല്പന നല്കിയതോടൊപ്പം തന്നെ, അവന്റെ ദൈനംദിനമുള്ള ആഹാരലബ്ധിക്കായി ദൈവം ഒരു മാർഗ്ഗവും ഒരുക്കി. മനുഷ്യമനസ്സുകൾക്ക്അതിശയകരമാംവിധം ഒരു കാക്കയെ ആണ് ദൈവം നിയോഗിച്ചത്. ദിവസവും രാവിലെയും വൈകിട്ടും തക്ക സമയത്ത് പ്രവാചകന് അപ്പവും, ഇറച്ചിയും കൊണ്ടുകൊടുക്കുന്ന ദൗത്യം! രാജ്യത്തു അതിരൂക്ഷമായ മഹാക്ഷാമം! ആഹാബിന്റെ രാജകൊട്ടാരമൊഴിച്ചാൽ പിന്നെ അപ്പവും, ഇറച്ചിയും മറ്റെവിടെയാണ് ലഭ്യം?

കെരീത്ത് തോട്ടിലെ ജലവും വറ്റി, അവിടെനിന്നും പ്രവാചകന്റെ ജീവനെ വേട്ടയാടിക്കൊണ്ടിരുന്ന ഈസേബെൽ രാജ്ഞിയുടെ ദേശമായിരുന്ന സീദോനോടു ചേർന്ന സാരെഫാത്തിലെ ഒരു നിസ്സഹായയും, നിരാലംബയുമായിരുന്ന വിധവയുടെ അടുത്തേക്കാണ് യഹോവ പ്രവാചകനെ അയച്ചത് (1 രാജാ.17:9). ഭൗതികമായി യാതൊരു പ്രതീക്ഷയ്ക്കും വകയില്ലായിരുന്നു. എന്നാൽ പ്രവാചകനെ പോഷിപ്പിക്കുവാൻ ദൈവം അവൾക്കു കല്പന നല്കിയിരുന്നു. മനുഷ്യന് അസാദ്ധ്യമായതു ദൈവത്താൽ സാദ്ധ്യം.

ബാലസിംഹങ്ങളും ഇരകിട്ടാതെ വിശന്നിരിക്കും; യഹോവയെ അന്വേഷിക്കുന്നവർക്കോ ഒരു നന്മയ്ക്കും കുറവില്ല (സങ്കീ.34:10). കർത്താവിൽ മാത്രം ആശ്രയിച്ചുകൊണ്ട് അവന്റെ വേലയ്ക്കായി പുറപ്പെടുന്നവരുടെ ആവശ്യങ്ങൾ വിവിധരീതികളിൽ നിർവ്വഹിക്കുന്ന ദൈവത്തിന്റെ വിശ്വസ്തതയെക്കുറിച്ചുള്ള സാക്ഷ്യങ്ങൾ എണ്ണമറ്റവയാണ്. ഞങ്ങളും അനുഭവസ്ഥരാണ്. ദൈവത്തിനു സ്തോത്രം. നാം അവിശ്വസ്തരായാലും അവൻ വിശ്വസ്തൻ, വാക്കുമാറാത്തവൻ. അവൻ നമ്മെ അന്ത്യത്തോളം പുലർത്തും, വഴി നടത്തും. ഒടുവിലായി മഹത്വത്തിലേക്കു ചേർത്തുകൊള്ളും (സങ്കീ.73:24). അവന്റെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ.

*മേരി അഞ്ചൻ, തുംകൂർ*
*ചീഫ് എഡിറ്റർ*

**Quest -71 ന്റെ ശരി ഉത്തരങ്ങൾ അയച്ചവർ**

1. ഗ്രേസ് ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
2. ജെസ്സി മോൻസൺ, കരിയംപ്ലാവ്, തിരുവല്ല
3. മോളിക്കുട്ടി ചാക്കോ, പടിയോട്ടുചാൽ, കണ്ണൂർ
4. എൽസി തോമസ്സ്, മീൻതുള്ളി, കണ്ണൂർ
5. ലതാ രവി, ബോംഗേഗാവ്, ആസ്സാം
6. ലീല കെ.വി. പുളിക്കൽ കവല, കോട്ടയം
7. സരളാ മഹേഷ്, ഊരുട്ടമ്പലം, തിരുവനന്തപുരം

Quest 71 ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി. വിജയികൾക്കു അഭിനന്ദനങ്ങൾ

**Quest -72 ന്റെ ശരി ഉത്തരങ്ങൾ അയച്ചവർ**

1. ഗ്രേസ് ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
2. ജെസ്സി മോൻസൺ, കരിയംപ്ലാവ്, തിരുവല്ല
3. മോളിക്കുട്ടി ചാക്കോ, പടിയോട്ടുചാൽ, കണ്ണൂർ
4. എൽസി തോമസ്സ്, മീൻതുള്ളി കണ്ണൂർ
5. ലതാ രവി, ബോംഗേഗാവ്, ആസ്സാം
6. ലീല കെ.വി. പുളിക്കൽ കവല, കോട്ടയം
7. ബിന്ദു സി. എസ്., വഞ്ചിയൂർ, തിരുവനന്തപുരം
8. ജിജി റോയി, മാഞ്ഞൂർ, കോട്ടയം
9. ഗ്രേയ്സി ഫിലിപ്പ്, തൈക്കാട്, തിരുവനന്തപുരം

Quest 72 ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി. വിജയികൾക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ

# സ്ത്രീകളിൽ ജ്ഞാനമുള്ളവൾ തന്റെ വീട് പണിയുന്നു

എൽസി ബേബി, ന്യൂ യോർക്ക്



**ജ്ഞാ**നിയായ സോളമൻ രാജാവിന്റെ വാക്കുകളാണ് മേലുദ്ധരിച്ചിരിക്കുന്നത്. "ഭോഷത്വമുള്ളവളോ അതു സ്വന്തകൈകളാൽ പൊളിച്ചുകളയുന്നു"! രണ്ടുതരം സ്ത്രീകൾ! ജ്ഞാനമുള്ളവളും, ബുദ്ധിയില്ലാത്ത ഭോഷത്വം നിറഞ്ഞവളും! കോടികൾ മുടക്കി വലിയ വീടുകൾ പണിയുന്നു. എന്നാൽ അതിന്നകത്ത് 'കൂടുമ്പോൾ ഇമ്പം" എന്നർത്ഥമുള്ള എത്ര കുടുംബങ്ങൾ കാണും? ഒരു സന്തുഷ്ട കുടുംബം പണിയുന്നത് വിവാഹിതരായ ഭാര്യയും ഭർത്താവും ചേർന്ന് ദൈവികാനുഗ്രഹത്താലും, ദൈവസഹായത്താലുമാകുന്നു. അതിൽ പ്രധാന പങ്കും സ്ത്രീകൾക്കു തന്നെയാണെന്നതിനു സംശയം വേണ്ടാ. സാമർത്ഥ്യമുള്ള സ്ത്രീകൾ തന്നെയാണ് ഭർത്താവിനോട് ചേർന്നു നിന്ന് ഒരു സന്തുഷ്ടകുടുംബം പണിയുന്നത്. ഇന്നു പല കുടുംബങ്ങളും തകരുന്നത് മേലുദ്ധരിച്ചതുപോലെയുള്ള ബുദ്ധിയില്ലാത്ത, ഭോഷത്വം നിറഞ്ഞ സ്ത്രീകൾ തന്നെയാകുന്നു. കേരളത്തിലെ സ്ത്രീകൾ പണ്ടുമുതലേ സ്ത്രീത്വമുള്ള മാന്യ സ്ത്രീകളാകുന്നു. ഉന്നത ഉദ്യോഗസ്ഥരായ മാന്യ സ്ത്രീകൾ പണ്ടുമുതലേ നമ്മുടെ രാജ്യത്തുണ്ടായിട്ടുണ്ട്. അന്നാചാണ്ടിയെപ്പോലെയുള്ള ജഡ്ജിമാർ, വക്കീലന്മാർ, ഡോക്ടർമാർ ഇവരൊക്കെ ഭവനത്തിനു പുറത്ത് ഉന്നത നിലവാരങ്ങളിലുള്ളവരാണെങ്കിലും ഭവനത്തിന്നകത്ത് ഭർത്താക്കന്മാർക്കു തക്കതുണകളായി, ഉത്തമഭാര്യമാരായി, വാത്സല്യമുള്ള അമ്മമാരായി തങ്ങളുടെ വിലയും നിലയും കാത്തു സൂക്ഷിച്ച് ജീവിച്ചിരുന്നു.

എന്റെ ബാല്യകാലങ്ങളിൽ വലിയ വിദ്യാഭ്യാസയോഗ്യതകളൊന്നുമില്ലാതിരുന്ന ഞങ്ങളുടെ അമ്മ ഒരു ഉത്തമസ്ത്രീയായിരുന്നു. കൃഷിയും, സമ്പത്തും ഉണ്ടായിരുന്ന ഞങ്ങളുടെ ഭവനം എപ്പോഴും ആളുകൾ നിറഞ്ഞ ഭവനമായിരുന്നു. വല്യപ്പനും, വല്ല്യമ്മയും, മാതാവും, പിതാവും, 9 മക്കളും ഇടവിടാതുള്ള വിരുന്നുകാരും, വേലക്കാരും, ബന്ധുമിത്രാദികളും നിറഞ്ഞ ഒരു കൂട്ടുകുടുംബം. യാതൊരു പിറുപിറുപ്പും കൂടാതെ അത്യുത്സാഹിയായി, വിശ്രമമില്ലാതെ വീട്ടിലുള്ള ഓരോരുത്തരുടേയും ആവശ്യങ്ങളറിഞ്ഞ് വിവേകത്തോടുകൂടെ യാതൊരു വിഘ്നവും കൂടാതെ നടത്തിയിരുന്ന എന്റെ അമ്മയാണ് ഞങ്ങൾക്കു മാതൃകയായിട്ടുണ്ടായിരുന്നത്. ബിസിനസ്സുകാരനായ അപ്പൻ, കൃഷിയും പുരയിടങ്ങളുമൊക്കെയുള്ള ഒരു കുടുംബത്തിലെ ഭാരിച്ച ചുമതലകൾക്കു പുറമെ 9 മക്കളെ പ്രസവിച്ചു വളർത്തി വലുതാക്കിയ അമ്മ നാട്ടുകാർക്കും വീട്ടുകാർക്കും ഒരു ഉത്തമസ്ത്രീയായിരുന്നു. വഴക്കുകളോ പിണക്കങ്ങളോ ഒന്നുമില്ലാതെ എത്ര വിവേകത്തോടെയായിരുന്നു അമ്മ ജീവിച്ചത്. പ്രായമായ മാതാപിതാക്കളെ ശുശ്രൂഷിക്കുന്നതിനും കുടുംബാംഗങ്ങളുടെ ഇഷ്ടാനിഷ്ടങ്ങളറിഞ്ഞു പ്രവർത്തിക്കുന്നതിനും ജോലിക്കാരോടും, മറ്റു കുടുംബാംഗങ്ങളോടും, ബന്ധുമിത്രാദികളോടും യോഗ്യമായ നിലയിൽ ഇടപെടുന്നതിനും ആ മാതാവിന്നുണ്ടായിരുന്ന കഴിവൊന്നു വേറെയായിരുന്നു. മക്കളായ ഞങ്ങൾക്ക് അതാതു പ്രായങ്ങളിൽ ബുദ്ധിയുപദേശിച്ചുതന്നും, നല്ല ശിക്ഷയും, ശിക്ഷണവും നല്കി വളർത്തുന്നതിനും അമ്മയ്ക്കുണ്ടായിരുന്ന കഴിവൊന്നു വേറെയായിരുന്നു. ഞങ്ങളുടെ ഭവനം ഒരു മാതൃകാഭവനമാക്കി നില

നിർത്തിയത് ഞങ്ങളുടെ അമ്മയുടെ വിവേകവും, ദൈവാശ്രയവും, പ്രാർത്ഥനയും സൗമ്യതയുമായിരുന്നു. മക്കളായ ഞങ്ങൾ പില്ക്കാലങ്ങളിൽ ആ മാതൃക പിന്തുടരുവാനിടയായത് ബാല്യകാലം മുതലേ അമ്മയെ കണ്ടുവളർന്നതുകൊണ്ടാണെന്നതിന് ഒരു സംശയവുമില്ല. ഇങ്ങനെയുള്ള കുടുംബിനികൾ അന്നു ദേശത്തുണ്ടായിരുന്നു. മിക്കവാറും സ്ത്രീകൾ പുറമെ ജോലിക്കു പോയിരുന്നില്ല. കൃഷിക്കാരായാലും ബിസിനസ്സുകാരായാലും കുടുംബിനികളായ സ്ത്രീകൾ ഭവനത്തിലുണ്ടെങ്കിൽ അവിടെ ഐശ്വര്യവും, സ്നേഹവും, സമാധാനവും, സൗഭാഗ്യവും നിറഞ്ഞുകവിഞ്ഞൊഴുകും. ബുദ്ധിഹീനരായ ചുരുക്കം സ്ത്രീകൾ അന്നും അവിടവിടങ്ങളിലായിട്ടുണ്ടായിരുന്നു. അവരുടെ ഭവനങ്ങളും അതുപോലെ അന്ധകാരമായിരുന്നു. ഇതു പണ്ടുകാലത്തെ കഥ!

ഇന്നു പരിഷ്കാരങ്ങളും, സംസ്കാരങ്ങളും, ജീവിതസാഹചര്യങ്ങളും പുരോഗമിച്ചതോടെ, സമ്പത്തു വർദ്ധിച്ചു, സുഖസൗകര്യങ്ങൾ ക്രമാതീതമായി പുരോഗമിച്ചു, വിദ്യാഭ്യാസയോഗ്യതകളും ഉദ്യോഗങ്ങളും, ലൗകിക ഭൗതിക നന്മകളും മറ്റും വർദ്ധിച്ചതോടെ മേലുദ്ധരിച്ചതുപോലെയുള്ള സന്തുഷ്ടകുടുംബങ്ങൾ വിരളമായി തീർന്നില്ലേ എന്ന അവസ്ഥയായിരിക്കയാണ്. “ലാവണ്യമുള്ള സ്ത്രീ മാനം രക്ഷിക്കുന്നു; വിക്രമന്മാർ സമ്പത്തു സൂക്ഷിക്കുന്നു”! (സദൃശ: 11:16). ഇതു സോളമൻ രാജാവിന്റെ ജ്ഞാനവാക്കുകളാകുന്നു. അമ്മമാരായും ഉത്തമഭാര്യമാരായും കുടുംബിനികളായി ജ്ഞാനത്തോടെ ഭവനങ്ങൾ പണിയേണ്ട സ്ത്രീകൾ പുറത്തുപോയി തങ്ങളുടെ കഴിവുകൾ പ്രകടമാക്കുന്നു. വിവാഹജീവിതം, മക്കൾ, കുടുംബജീവിതം ഇവയ്ക്കു വിലകല്പിക്കാതെ പരിഷ്കാരത്തിന്റെയും ലൗകിക ഭൗതിക നന്മകളുടെയും ധനസമ്പാദനത്തിന്റെയും പുറകെ പാഞ്ഞു നടക്കുന്ന സ്ത്രീകളാണ് ഇന്ന് സമൂഹത്തിനു തലവേദനയായി മാറിയിരിക്കുന്നത്. അതുമൂലം സാമൂഹ്യവിരുദ്ധ പ്രവണതകളും വിവാഹമോചനങ്ങളും, തകർന്ന കുടുംബജീവിതങ്ങളും, വഴിതെറ്റി നടക്കുന്ന യുവതീയുവാക്കളേയും കൊണ്ട് നമ്മുടെ സമൂഹം വികടമായിക്കൊണ്ടിരിക്കുന്നു എന്നത് ദുഃഖത്തോടെയല്ലാതെ കാണാൻ കഴിയുന്നില്ല. ഇന്നു നമ്മുടെ കേരളത്തെ ഇളക്കിമറിച്ച്, തങ്ങളുടെ വികടബുദ്ധിയാൽ സമൂഹത്തെ നാറ്റിച്ചുകളങ്കം ചാർത്തിയ ചില സ്ത്രീകളുടെ കഥ കേൾക്കയും കാണുകയും ചെയ്യുമ്പോൾ ഹൃദയം തകരുകയാണ്. സരിത, ജോളി, സ്വപ്ന മുതലായ സ്ത്രീകളെക്കുറിച്ചുള്ള ഹീനവും ലജ്ജാകരവും ഹൃദയകാഠിന്യവുമേറിയ വാർത്തകൾ ഇന്നു വാർത്താമാദ്ധ്യമങ്ങൾക്കും. പൊതുജനങ്ങൾക്കും നിന്ദാവിഷയമായി തീർന്നിരിക്കയല്ലെ? ഇവരുടെയൊക്കെ ദുഷ്പ്രവൃത്തികൾക്കു തുണനില്ക്കുന്ന രാഷ്ട്രീയനേതാക്കളും, ഉന്നത ഉദ്യോഗസ്ഥരും സമൂഹത്തിന് എത്ര അപമാനകരമാകുന്നു എന്നോർക്കുമ്പോൾ ദുഃഖമാണ് തോന്നുന്നത്.

കോവിഡ്-19 എന്ന മാരകവ്യാധി പടരുന്നതിനെക്കുറിച്ച് പലരും വ്യാകുലരാകുന്നു. നമ്മുടെ സമൂഹത്തിലെ മാത്രമല്ല, മിക്ക രാജ്യങ്ങളിലേയും അധർമ്മങ്ങളും, അതിക്രമങ്ങളും, ലംഘനങ്ങളും, ക്രൂരതകളും, ലജ്ജാകരങ്ങളായ ജീവിതരീതികളും കണ്ടുകണ്ടു മനം തകർന്ന ദൈവം തമ്പുരാൻ ഇളക്കിവിട്ട മാരകവ്യാധിയാണോ എന്നു സംശയിച്ചുപോവുകയാണ്. ഇട്ടുമൂടാൻ സ്വർണ്ണവും, പണവും, കാറും വാങ്ങി വിവാഹം ചെയ്ത ഭാര്യയെ മൂർഖൻ പാമ്പിനെക്കൊണ്ട് കടിപ്പിച്ചുകൊന്ന ക്രൂരത ദൈവംപോലും ക്ഷമിക്കുമോ? മക്കൾ മാതാപിതാക്കളെ കൊല്ലുന്നു; മാതാപിതാക്കൾ മക്കളെ കൊല്ലുന്നു. അമ്മമാർ കാമുകന്മാരുടെ പുറകെ പോകാൻ നൊന്തു പെറ്റകുഞ്ഞിനെ പാറയിലടിച്ചുകൊന്ന കഥ എങ്ങനെ സഹിക്കും? വിവാഹംകൂടാതെ സ്ത്രീപുരുഷന്മാർ ഒന്നിച്ചുജീവിക്കുന്നു. പറയാൻപോലും പറ്റാത്ത മ്ലേച്ഛകരമായ അകൃത്യങ്ങളാൽ സമൂഹം വികടമായി

*ശേഷം 15-ാം പേജിൽ*

# ധൈര്യം പകർന്ന് ധൈര്യത്തോടെ അടർക്കളത്തിലിറങ്ങിയവൾ



എൽസി തോമസ്, മീൻതുള്ളി, കണ്ണൂർ

തിരുവചനത്തിൽ ന്യായാധിപന്മാർ 4:6,7 വാക്യങ്ങളിൽ നാം ഇപ്രകാരം കാണുന്നു. "അവൾ അബീനോവാമിന്റെ മകനായ ബാരാക്കിനെ കേദെശ്-നഫ്താലിയിൽ നിന്നു വിളിപ്പിച്ചു അവനോട്: നീ പുറപ്പെട്ട് താബോർ പർവ്വതത്തിൽ ചെന്നു നഫ്താലിയുടെയും സെബൂലൂന്റെയും മക്കളിൽ പതിനായിരം പേരെ കൂട്ടികൊൾക. ഞാൻ യാബീന്റെ സേനാപതി സീസെരയെയും അവന്റെ രഥങ്ങളെയും സൈന്യത്തെയും കീശോൻ തോട്ടിന്നരികെ നിന്റെ അടുക്കൽ കൊണ്ടുവന്നു നിന്റെ കൈയിൽ ഏല്പിക്കുമെന്ന് യിസ്രായേലിന്റെ ദൈവമായ യഹോവ നിന്നോടു കല്പിക്കുന്നു എന്നു പറഞ്ഞു".

എന്നാൽ പൊതു പ്രവർത്തന ധാരയിലേക്ക് കടന്നുവരുവാൻ അനുവാദമോ, അംഗീകാരമോ ലഭിക്കാതെ ഗാർഹികചുമതലകളുമായി സ്ത്രീകൾ വീടിന്റെ നാലുചുവരുകൾക്കുള്ളിൽ ഒതുങ്ങി കഴിഞ്ഞിരുന്ന കാലഘട്ടത്തിലാണ് സർവ്വശക്തനായ ദൈവം ലപ്പീദോത്തിന്റെ ഭാര്യയായ ദെബോരായെ തന്റെ ദൗത്യ നിർവ്വഹണത്തിനായി എഴുന്നേല്പ്പിച്ചത്.

ദൈവഹിതം പൂർണ്ണമായി മനസ്സിലാക്കി അതുമറ്റുള്ളവരെ അറിയിക്കാനുള്ള വിവേചനശക്തി ദൈവം അവൾക്കു നല്കി. അവൾ പ്രവാചകി ആയിരുന്നു. സ്ത്രീകളെ പൊതുവേ അഗണ്യരായി കരുതിയിരുന്ന കാലയളവിൽ അസാമാന്യകഴിവ് പ്രകടിപ്പിച്ചുകൊണ്ട് ഈന്തപ്പനയുടെ കീഴിലിരുന്ന് നീതിയും ന്യായവും നടത്തി യിസ്രായേലിന് നാല്പത് വർഷം സ്വസ്ഥത നല്കികൊടുക്കുവാൻ ദൈവം ദെബോരായെ ബലപ്പെടുത്തി. ഒരേ സമയത്തുതന്നെ ഉത്തരവാദിത്തമുള്ള ഭാര്യയും പ്രവാചകിയും ന്യായാധിപതിയും ആയിരിക്കയെന്നുള്ളത് അസാധാരണമായ ഒരു വസ്തുതയാണ്. ശൂരന്മാരായ പുരുഷന്മാരെ പോലും ലജ്ജിപ്പിക്കുന്ന അസാമാന്യ ധൈര്യമാണ് ദെബോരായിൽ നമുക്കു കാണുവാൻ കഴിയുന്നത്.

അക്കാലത്ത് അന്യ ദൈവങ്ങളെ ആരാധിച്ച യിസ്രായേൽ മക്കളെ ദൈവം കനാന്യരാജാവായ യാബീനു വിറ്റുകളഞ്ഞു (ന്യായാ. 4:2) അവർ ഇരുപത് വർഷക്കാലം യിസ്രായേൽ മക്കളെ കഠിനമായി ഞെരുക്കി. യിസ്രായേൽ മക്കൾ വീണ്ടും ദൈവത്തോടു നിലവിളിച്ചു. എന്നാൽ അവർക്ക് സൈന്യാധിപനായ സീസെരയുടെ നേതൃത്വത്തിൽ ഉണ്ടായിരുന്ന യാബീന്റെ സൈന്യത്തെ നേരിടുവാൻ കഴിവില്ലായിരുന്നു. നിസ്സഹായരായ തന്റെ ജനത്തിന്റെ നിലവിളി കേട്ട് ദൈവം ദെബോരായിലൂടെ തന്റെ ദൗത്യ നിർവ്വഹണമാരംഭിച്ചു.

യിസ്രായേലിന്റെ അധഃപതനാവസ്ഥയിൽ വളരെ പരിതാപകരമായ അവസ്ഥയിൽ ദൈവത്തിന്റെ ദൂതുവാഹിയായി ദെബോരാ രംഗ പ്രവേശനം ചെയ്തു. അവൾ യിസ്രായേൽ മക്കളെ തങ്ങൾ അനുഭവിക്കുന്ന ഭീകരാവസ്ഥയെക്കുറിച്ച് ബോധവാന്മാരാക്കി, ശത്രുവിനെതിരെ പോരാടുവാൻ അവരെ സജ്ജമാക്കുകയും ചെയ്തു.

അവരെ ധൈര്യപ്പെടുത്തി യുദ്ധമുന്നണിയിലേക്ക് പോകുവാൻ അബീനോവാമിന്റെ മകനായ ബാരാക്കിനോട് ദബോരാ ആവശ്യപ്പെട്ടു. ദബോരയില്ലാതെ യുദ്ധമുന്നണിയിലേക്ക് പോകുവാൻ ബാരാക്കിനു ധൈര്യമില്ലായിരുന്നു.

എന്നാൽ സീസെരയുടെ സൈന്യത്തെ ഭയപ്പെടാതെ സൈന്യങ്ങളുടെ ദൈവമായ യഹോവയിൽ വിശ്വസിച്ചുകൊണ്ട് വാൾ കൈയിലേന്തി പടക്കളത്തിൽ ശത്രുവിനു നേരെ പുരുഷനായ ബാരാക്കിനു ധൈര്യം പകർന്ന് ധൈര്യത്തോടെ അവനോടൊപ്പം പോയി. ദൈവത്തിന്റെ വാക്കിൽ വിശ്വാസമർപ്പിച്ച ദബോരായുടെ പിന്നിൽ അണിനിരന്ന യിസ്രായേൽമക്കൾ യാബീനെ കീഴടക്കി. തന്നിൽ സമ്പൂർണ്ണ വിശ്വാസമർപ്പിച്ച് വിശ്വസ്തതയോടുകൂടി പ്രവൃത്തി ചെയ്യുന്ന സ്ത്രീകളെയും തന്റെ ദൗത്യനിർവ്വണത്തിനായി ഉപയോഗിക്കുമെന്ന് ദബോരായിലൂടെ തിരുവചനം നമുക്കു കാണിച്ചു തരുന്നു. ഇതിന്റെയെല്ലാം പിന്നിലെ ധൈര്യം എന്തായിരുന്നു ദബോരയുടേത്? "യഹോവ എനിക്കു മുമ്പായി പുറപ്പെട്ടിരിക്കുന്നു"

എന്നാൽ മൂന്നാം സഹസ്രാബ്ദത്തിലെ മാനവരാശിയുടെ സാമൂഹ്യഘടനയിൽ സ്ത്രീകളുടെ പ്രാധാന്യം അത്യധികം വർദ്ധിച്ചിരിക്കുന്നു. പുരുഷന്മാർ ചെയ്യുന്ന ജോലികളൊക്കെയും തങ്ങൾക്കും ചെയ്യുവാൻ കഴിയുമെന്നും രാഷ്ട്രങ്ങളെയും രാഷ്ട്രീയപാർട്ടികളെയും ബഹിരാകാശ പേടകങ്ങളെ നിയന്ത്രിച്ചുകൊണ്ടും സ്ത്രീകൾ കഴിവ് തെളിയിച്ചുകഴിഞ്ഞു. അങ്ങനെ സമത്വത്തിനും വിമോചനത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി മുറവിളി കൂട്ടുമ്പോഴും അവളും ഒരു ഭാര്യയാണെന്നുള്ള യാഥാർത്ഥ്യം നിലനില്ക്കുന്നു.

ഈ ആധുനിക കാലഘട്ടത്തിലും ദൈവത്തിന്റെ ശക്തിയും സവിശേഷതയും പകർന്നു കൊടുക്കുവാൻ നിയോഗിക്കപ്പെട്ടവർ ദൈവത്തിൽ നിന്നനുഗ്രഹങ്ങളും കൃപകളും പ്രാപിച്ച് ദൈവികകൃപയുടെ പ്രശോഭയിൽ ഔന്നത്യത്തിന്റെ പടവുകൾ കയറി പ്രശസ്തിയുടെയും പെരുമയുടെയും സിംഹാസനത്തിൽ വിരാജിക്കുമ്പോൾ ദൈവകൃപയെന്ന വാക്കു ഉച്ചരിക്കാൻ മറന്നുപോകുന്നു. ധനവും മാനവും നിലനിർത്തുന്നതിനായിട്ടുള്ള ഉപാധിയായിട്ടാണവർ ദൈവികശുശ്രൂഷയെ കാണുന്നത്. ആത്മീയ അന്തർദാഹമുണ്ടെങ്കിലും ധനം ജീവിതത്തിലെ ആശയും ആവേശവുമായി മാറുമ്പോൾ ദൈവത്തിന് തങ്ങളുടെ ജീവിതത്തിൽ പ്രഥമസ്ഥാനം നല്കുവാനോ, ദൈവത്തിനു വേണ്ടി ലാഭമായതു ചേതമായി എണ്ണുവാനോ അവർക്കു കഴിയില്ല. ആയതുകൊണ്ട് നാം ആരാണെന്നുള്ള കാര്യം വിസ്മരിക്കരുത്. കർത്താവിന്റെ മണവാട്ടിയും, സ്ഥാനപതിയും, പടയാളിയുമാണ്. ശത്രു നമുക്ക് നേരെ അണിനിരന്നു കഴിഞ്ഞു. അവൻ തന്ത്രപൂർവ്വം കൺമോഹമിട്ട്, ജഡമോഹമിട്ട്, ജീവനത്തിന്റെ പ്രതാപം കാണിച്ച്, നമ്മിലെ ആത്മവീര്യം നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു. നമുക്ക് ദൈവത്തിന്റെ സർവ്വായുധമെടുത്ത് പോരാടാം അവനെതിരെ. എല്ലാറ്റിലും മീതെ ദുഷ്ടന്റെ തീയമ്പുകളെയൊക്കെയും കെടുത്തുവാൻ തക്കതായ വിശ്വാസമെന്ന പരിച എടുത്തുകൊണ്ട് മുന്നേറാം.

ഒരു ദൈവപൈതലിന്റെ ആശ്രയമാണ് ദൈവം. അവൻ അത്യുന്നതന്റെ മറവിൽ വസിക്കണം, സർവ്വശക്തന്റെ നിഴലിൽ പാർക്കുന്നവനാകണം. അങ്ങനെയുള്ള ദൈവപൈതൽ ദൈവത്തെ വിളിച്ചപേക്ഷിക്കുമ്പോൾ സ്വർഗ്ഗത്തിൽ നിന്നും കൈനീട്ടി രക്ഷിക്കും. എനിക്കു വേണ്ടി സകലവും നിർവ്വഹിക്കുന്ന ദൈവത്തെയവൻ തിരിച്ചറിവാനിടയാകും. ദബോരയെപ്പോലെ.

ഇങ്ങനെയുള്ള ഒരു പോരാളിയായിട്ടാണ് ദബോരായെ തിരുവചനം നമുക്കു പരിചയപ്പെടുത്തിത്തരുന്നത്.

പ്രിയസഹോദരിമാരേ, നമ്മുടെ ജീവിതമാകുന്ന പോർക്കളത്തിൽ നമുക്ക് വിശ്വാസത്തോടെ ധൈര്യത്തോടെ മുന്നേറുവാൻ യേശുകർത്താവിനെയും അവന്റെ വചനങ്ങളെയും നമ്മോടു ചേർത്തു പിടിക്കാം. അതിനായി എല്ലാവരെയും കർത്താവ് സഹായിക്കട്ടെയെന്നുള്ള പ്രാർത്ഥനയോടുകൂടി നിർത്തുന്നു. ❑

# കർത്താവിനുവേണ്ടി തുറക്കപ്പെട്ട ചില ഹൃദയങ്ങൾ, ചില ഭവനങ്ങൾ



മോളിക്കുട്ടി ചാക്കോ, കണ്ണൂർ

**യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും (മത്തായി 7:7).** ആദ്യമായി കർത്താവിനു തുറക്കപ്പെട്ട ഹൃദയങ്ങളെക്കുറിച്ചു ചിന്തിക്കാം. വെളിപ്പാട്: 3:20 ൽ ഞാൻ വാതില്ക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്നു അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും. ഒരു പാപിയുടെ ഹൃദയവാതില്ക്കൽ കർത്താവ് എപ്പോഴും മുട്ടിക്കൊണ്ടിരിക്കുകയാണ്. വീണ്ടും വായിക്കുന്നു സദൃശ 23:26 ൽ മകനേ, നിന്റെ ഹൃദയം എനിക്കു തരിക; എന്റെ വഴി നിന്റെ കണ്ണിന് ഇമ്പമായിരിക്കട്ടെ. ഈ വാക്യങ്ങൾ നാം ഓരോരുത്തരോടും കർത്താവ് ആവശ്യപ്പെടുന്ന ഒന്നാണ്. ഒന്നാമതായി ആവശ്യപ്പെടുന്നത് അവന്റെ ഹൃദയമാണ്. അതുകൊണ്ട് ആദ്യം ഹൃദയം കർത്താവിനു കൊടുക്കണം (തുറക്കപ്പെടണം). പാപിയായ മനുഷ്യന്റെ ഹൃദയത്തിൽ വസിക്കുന്നത് പിശാചാണ്. അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയിർപ്പിച്ചു. അവയിൽ നിങ്ങൾ മുമ്പെ ഈ ലോകത്തിന്റെ കാലഗതിയെയും ആകാശത്തിലെ അധികാരത്തിന്നും അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിന്നും അധിപതിയായവനെയും അനുസരിച്ചുനടന്നു (എഫെസ്യർ 2:1,2).

പിശാച് ദൈവത്തിനു വിരോധമായി പാപം ചെയ്യുവാനും പാപത്തിൽ ജീവിക്കുവാനും അവനെ പ്രേരിപ്പിക്കുന്നു. ഒടുവിൽ അവൻ പാപത്തിന്റെ ശമ്പളമായ മരണത്തിലേക്കും (റോമർ 6:19-20) (താത്ക്കാലികമായി ലഭിക്കുന്ന പാപഇമ്പങ്ങളിലേക്കും, ലോകസുഖങ്ങളിലേക്കും വഴുതിവീഴുന്നു) നിത്യനരകത്തിലേക്കും നടത്തപ്പെടുന്നു. ഈ മഹാവിപത്തിൽ നിന്നും രക്ഷിക്കുവാനായി വിടുവിപ്പാനായി യേശു സ്നേഹത്തോടെ വിളിക്കുന്നു. മകനേ: നിന്റെ ഹൃദയം എനിക്കു തരിക എന്നു പറഞ്ഞുകൊണ്ട് സ്നേഹത്തോട് ഓരോരുത്തരുടെയും ഹൃദയ വാതില്ക്കൽ നിന്നു മുട്ടിക്കൊണ്ടിരിക്കുന്നു. ഹൃദയത്തിന്റെ വാതിൽ തുറന്നു കൊടുത്താൽ യേശു കർത്താവു നിന്റെ ഹൃദയത്തിൽ വരും. വാതില്ക്കൽ നിന്നു മുട്ടുന്ന കർത്താവിന്റെ മൃദുസ്വരം തിരിച്ചറിയാൻ നമ്മുടെ ഹൃദയം തുറക്കണം. പാപത്താൽ അശുദ്ധമായ ഹൃദയത്തെ തന്റെ രക്തത്താൽ കഴുകി ശുദ്ധീകരിക്കും (1 യോഹ. 1:9). ഹൃദയത്തിൽ വസിച്ച് നിത്യമായ സന്തോഷത്തിലേക്കും, സമാധാനത്തിലേക്കും നടത്തും. പാപവഴികളെ വിട്ടു മാനസാന്തരപ്പെട്ടു കർത്താവിനെ രക്ഷിതാവും കർത്താവുമായി ഹൃദയത്തിൽ സ്വീകരിക്കുക. ജീവിതത്തിൽ എന്തെന്നില്ലാത്ത സന്തോഷവും സമാധാനവും അനുഭവിക്കാം. "ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി. ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു" 2 കൊരി 5:17. "ഇപ്പോൾ ആകുന്നു സുപ്രസാദകാലം; ഇപ്പോൾ ആകുന്നു രക്ഷാദിവസം" 2 കൊരി 6:2. കൃപയുടെ ദിവസങ്ങൾ അവസാനിക്കുന്നതിനുമുമ്പ് ഹൃദയം കർത്താവിനായി തുറന്നു കൊടുക്കുക. ആണിപ്പാടുള്ള കരങ്ങളുമായി ഹൃദയവാതില്ക്കൽ മുട്ടിക്കൊണ്ടിരിക്കുന്നു. കർത്താവ് ഭാവിയിൽ ന്യായാധിപനായി മടങ്ങിവരും. അന്ന് അവനെ സ്വീകരിക്കാത്തവരെല്ലാം അവന്റെ

മുമ്പാകെ നില്ക്കും. പുസ്തകങ്ങൾ തുറക്കും. ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്ത കവും തുറക്കും. ജീവപുസ്തകത്തിൽ പേരെ ഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും (വെളി. 20:11-15). പിന്നെ ഒരിക്കലും വിടുതലില്ല. നിത്യദണ്ഡനം സഹിക്കേണ്ടിവ രും (വെളി. 20:10). ഇന്നു നിന്റെ ഹൃദയവാതിൽ തുറന്നു കൊടുക്കുന്നില്ലെങ്കിൽ ഒരുദിവസം നര കത്തിന്റെ വാതിൽ നിനക്കായി തുറക്കപ്പെടും. അതിനു മുമ്പായി കർത്താവിനു വേണ്ടി ഹൃദയം തുറന്നു കൊടുത്ത് നിത്യനാശത്തിൽ നിന്നും വിടുതൽ പ്രാപിക്കുക.

(സങ്കീ 40:3) അവൻ എന്റെ വായിൽ പുതിയോരു പാട്ടു തന്നു, നമ്മുടെ ദൈവത്തിനു സ്തുതി തന്നേ. (സങ്കീ 81:10, 103:1, ലൂക്കൊസ് 17:15,16 ഈ വേദഭാഗങ്ങൾ വായിക്കുക.) വായ്കൊണ്ട് ഉച്ചത്തിൽ സ്തുതിക്കണം. ഹൃദയം കർത്താവിനായി തുറന്നു കൊടുക്കുന്ന ഒരു വ്യക്തി പിന്നീട് കർത്താവിനെ സ്തുതി പ്പാനായി വായ് തുറക്കും. സങ്കീ. 40:3 ൽ വായി ക്കുന്ന പാട്ട് എന്നും പാടുവാനുള്ളതാണ്. ആയുഷ്ക്കാലം മുഴുവനും പാടണം (സങ്കീ 104:33). കഷ്ടതയിലും പാടണം. (സങ്കീ 34:1) ഞാൻ യഹോവയെ എല്ലാക്കാലത്തും വാഴ്ത്തും. അവന്റെ സ്തുതി എപ്പോഴും എന്റെ നാവിന്മേൽ ഇരിക്കും. ദാവീദ് പറയുന്നത് (സങ്കീ 40:2 ൽ) നാശകരമായ കുഴിയിൽ നിന്നും കുഴഞ്ഞചേറ്റിൽ നിന്നും നമ്മെ കയറ്റിയ കർത്താവിനെ എത്ര സ്തുതിച്ചാലും മതിവരി കയില്ല. ആത്മാവ് നിറഞ്ഞവരായി പാടുവാൻ പൗലൊസ് അപ്പൊസ്തലൻ ആഹ്വാനം ചെയ്യുന്നു. അധരഫലം എന്ന സ്തോത്രയാഗം ഇടവി ടാതെ അർപ്പിക്കണം (എബ്രാ. 13:15). കർത്താവു ചെയ്ത നന്മകളെ ഓർത്ത് നന്ദി പറയണം. 10 കുഷ്ഠരോഗികളിൽ ഒരാൾ വന്നു നന്ദി പറഞ്ഞു. കർത്താവ് എത്രയോ ഉപകാര ങ്ങൾ ചെയ്തിട്ടും നന്ദി പറവാൻ മനസ്സില്ലാത്ത അനേകരും അന്നും ഇന്നും ഉണ്ട്. എത്രയോ ദുഃഖകരം. നന്ദിപറയുവാൻ നിന്റെ വായ്തുറക്ക. നമ്മുടെ ആവശ്യങ്ങൾ, ഭാരങ്ങൾ, പ്രശ്നങ്ങൾ, ചിന്താകുലങ്ങൾ എല്ലാം കർത്താവിനോടു പറ യുക. പ്രാർത്ഥന കേൾക്കുന്ന ദൈവം ജീവി ക്കുന്നു. വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്ത്വം കാണും. (സങ്കീ. 34:8) യഹോവ നല്ല വൻ എന്നു രുചിച്ചറിവിൻ; അവനെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ. നാം അവന്റെ സാക്ഷികളാകണം.

**ഭവനം** (ലൂക്കൊസ് 10:38, മർക്കൊസ് 2:1, പ്രവൃത്തി 16:14, 15, 30-40 വായിക്കുക) ഈ വേദ ഭാഗങ്ങൾ വായിച്ചാൽ, കർത്താവിനു വേണ്ടി യും, തന്റെ മക്കൾക്കുവേണ്ടിയും, ദൈവദാസ ന്മാർക്കുവേണ്ടിയും തുറന്നു കൊടുത്തിട്ടുള്ള പല ഭവനങ്ങൾ തിരുവചനത്തിൽ രേഖപ്പെടു ത്തിയിട്ടുണ്ട്. ആ ഭവനങ്ങൾ എല്ലാം അനുഗ്ര ഹിക്കപ്പെട്ടിട്ടുണ്ട്. അവിടെ വന്നവരും അനു ഗ്രഹം പ്രാപിച്ചു മടങ്ങിപ്പോയിട്ടുണ്ട്.

ലൂക്കൊസ് 10:38 യേശുവിനെ കൈക്കൊണ്ട ബേഥാന്യയിലെ ഭവനം ലാസ റിന്റെ മരണത്താൽ ദുഃഖത്തിലാണ്ടു പോയെ ങ്കിലും, മരിച്ചു നാലുനാൾ കഴിഞ്ഞശേഷം യേശുവന്നു ലാസറിനെ ഉയിർപ്പിച്ചപ്പോൾ ആ ഭവനം സന്തോഷത്താൽ നിറയപ്പെട്ടു. ചില ദിവ സങ്ങളായി കരച്ചിൽ നടന്ന ഭവനത്തിൽ സന്തോഷത്തിന്റെയും സ്തുതികളുടെയും ഗാനങ്ങൾ ഉയർന്നു. യേശു ഭവനത്തിൽ വന്നാൽ ഉണ്ടാകുന്ന മാറ്റങ്ങൾ വർണ്ണിക്കാനാ വില്ല. (യോഹന്നാൻ 11:1 മുതൽ 46 വരെ വായി ക്കുക).

മർക്കൊസ് 2:1 കഫർന്നഹൂമിലെ ഭവനത്തിൽ യേശു ചെന്നപ്പോൾ വാതില്ക്കൽപോലും ഇട മില്ലാതെവണ്ണം പലരും വന്നുകൂടി. അവരെല്ലാം യേശുവിന്റെ വചനം കേട്ടു അനുഗ്രഹിക്കപ്പെട്ടു. അപ്പോൾ 4 പേർ ഒരു പക്ഷവാതക്കാരനെ ചുമന്ന് അവന്റെ അടുക്കൽ കൊണ്ടുവന്നു....... അവനും സൗഖ്യം പ്രാപിച്ചു മടങ്ങിപ്പോയി. കിടക്ക എടുത്തു നടന്നു പോയി.

അപ്പൊ. പ്രവൃത്തി 16:14,15, 16:40:- തുയ തൈരാ പട്ടണക്കാരിയും, രക്താംബരം വില്ക്കുന്നവളുമായ ലുദിയ എന്നു പേരുള്ള ദൈവഭക്തയായോരു സ്ത്രീ കേട്ടു കൊണ്ടിരു ന്നു. പൗലൊസ് സംസാരിച്ചത് ശ്രദ്ധിക്കേണ്ട തിന് കർത്താവ് അവളുടെ ഹൃദയം തുറന്നു. അവളും കുടുംബവും സ്നാനം ഏറ്റശേഷം

നിങ്ങൾ എന്നെ കർത്താവിൽ വിശ്വസ്ത എന്നു എണ്ണിയിരിക്കുന്നുവെങ്കിൽ എന്റെ വീട്ടിൽ വന്നു പാർപ്പിൻ എന്നു അപേക്ഷിച്ചു. വീണ്ടും 16:27 മുതൽ 34 വരെ വായിച്ചാൽ കാരാഗൃഹ പ്രമാണിയും കുടുംബവും രക്ഷപ്രാപിക്കുന്നു. അവരും കർത്താവിനായി ഹൃദയം തുറന്നുകൊടുക്കയും കർത്താവിനെ രക്ഷിതാവായി സ്വീകരിക്കുകയും ചെയ്തു. അവരുടെ വീടും കർത്താവിന്റെ ദാസന്മാർക്കായി തുറന്നുകൊടുത്തു. ദൈവദാസന്മാർ അവിടെ ചെന്നു വചനം പ്രസംഗിച്ചു. കർത്താവിൽ വിശ്വസിച്ചതിനാൽ വീടടക്കം ആനന്ദിച്ചു. കർത്താവിനെ സ്വീകരിച്ച പല വ്യക്തികളും ഇതുപോലെ കർത്താവിനായി തങ്ങളുടെ വീടു തുറന്നു കൊടുത്തിട്ടുണ്ട്. തന്മൂലം തങ്ങളുടെ വീടുകൾ അനുഗ്രഹിക്കപ്പെടുവാനിടയായി. എല്ലാ പ്രശ്നങ്ങൾക്കും കർത്താവ് പരിഹാരം ഉണ്ടാക്കുവാൻ മതിയായവൻ. യേശു നമ്മുടെ നായകനായിരിക്കട്ടെ. മറ്റു പലതും നമ്മുടെ വീട്ടിൽ ഇല്ലെങ്കിലും. കർത്താവ് ഉണ്ടായാൽ മതി. അവൻ നമ്മെ അനുഗ്രഹിക്കും; വഴി നടത്തും. വീട് ക്രിസ്തുവിനായി തുറന്നുകൊടുക്കുക.

**കർത്താവിനു വേണ്ടി കൈകൾ തുറക്കപ്പെടണം – (മർക്കൊസ് 12:41–44)**

നമ്മുടെ എല്ലാ അവയവങ്ങളും കർത്താവിനായി പ്രവർത്തിക്കുവാൻ സമർപ്പിക്കണം. നമ്മെ രക്ഷിച്ച കർത്താവിനുവേണ്ടി ജീവിക്കുകയും പ്രവർത്തിക്കുകയും കൈതുറന്നു കൊടുക്കയും ചെയ്യണം. രണ്ട് കാശ് ശ്രീഭണ്ഡാരത്തിൽ ഇട്ട വിധവ അവളുടെ ഇല്ലായ്മയിൽ നിന്നും തനിക്കുള്ളത് ഒക്കെയും ഇട്ടിരിക്കുന്നു. അതുപോലെ യേശുവിന്റെ പരസ്യ ശുശ്രൂഷാകാലത്ത് ചില സഹോദരിമാർ തങ്ങളുടെ വസ്തുവകകളിൽ നിന്നും കർത്താവിനു കൊടുത്തുകൊണ്ടു ശുശ്രൂഷിച്ചതായി സുവിശേഷത്തിൽ വായിക്കുന്നു. കൂടാതെ യോഹന്നാൻ 12:1 മുതൽ 8 വരെ വായിച്ചാൽ– ലാസറിന്റെ സഹോദരി മറിയ സ്വച്ഛജടാമാംസി തൈലം – 1 റാത്തൽ എടുത്ത് യേശുവിന്റെ കാലിൽ പൂശി തലമുടികൊണ്ട് കാൽ തുവർത്തി എന്നു വായിക്കുന്നു. മറിയ തന്നാൽ ആവതുചെയ്തു. പ്രിയമുള്ളവരേ, നാം ഈ ഭൂമിയിൽ ആയിരിക്കുമ്പോൾ നമ്മൾ കർത്താവിന്റെ നാമത്തിൽ കൊടുക്കണം പ്രതിഫലം ലഭിക്കും. സുവിശേഷവേലയ്ക്ക് കൊടുക്കണം. ദൈവദാസന്മാരെ സഹായിക്കണം. കൈകൊണ്ട് അദ്ധ്വാനിച്ച് കിട്ടുന്നതിന്റെ ഒരു ഭാഗം കർത്താവിനായി നാം കൊടുക്കണം. കൊടുക്കുവാനായി നാം കൈകളെ നീട്ടണം. അർഹതയുള്ളവരെയും അർഹതയുള്ള കാര്യങ്ങൾ തിരിച്ചറിഞ്ഞും കൊടുക്കണം. ദരിദ്രന്മാരെയും, അഗതികളെയും സഹായിക്കണം. അവരെ കർത്താവു ധാരാളമായി അനുഗ്രഹിക്കും (2 കൊരി 9:6). അതിഥികളെ സൽക്കരിക്കുവാൻ (എബ്രാ. 13:1) ദൈവമക്കളെ സ്വീകരിക്കുവാൻ, താലന്തു വ്യാപാരം ചെയ്യുവാൻ (മത്തായി 25:14) (ലൂക്കൊസ് 19:11,19). ചിലരെ വിരുന്നു ശാലയിലേക്കു കൂട്ടിക്കൊണ്ടു വരുവാൻ (ലൂക്കൊ. 14:21) മുന്തിരിത്തോട്ടത്തിൽ വേലചെയ്യുവാൻ (മത്താ.20:1,17) എന്നിങ്ങനെ വിവിധ ശുശ്രൂഷയ്ക്കായി നമ്മുടെ കൈകളെ ഉപയോഗിക്കണം. നേരത്തെ അധർമ്മം പ്രവർത്തിച്ച കൈകൾ കർത്താവിനു വേണ്ടി പ്രവർത്തിക്കുന്ന കരങ്ങളായി രൂപാന്തരപ്പെടണം. ആ കൈകൾക്കൊണ്ട് കർത്താവിനു വേണ്ടി ധാരാളമായി പ്രവർത്തിപ്പാനിടയാകട്ടെ. പ്രിയ ദൈവജനമേ! കർത്താവിനുവേണ്ടി ഹൃദയം കൊടുത്ത നമ്മുടെ ജീവിതത്തിൽ വേണ്ടവിധത്തിൽ തുറന്നു കൊടുക്കാത്ത പലരും ഇല്ലേ! ശോധന ചെയ്യാം. തുറന്നു കൊടുക്കാം. നമ്മുടെ കർത്താവിനെ സ്തുതിപ്പാനും, മഹത്ത്വപ്പെടുത്തുവാനും, സാക്ഷിക്കുവാനും ആയി നമ്മുടെ വായ് തുറക്കാം, കർത്താവിനും തന്റെ ദാസന്മാർക്കുമായി നമ്മുടെ ഭവനങ്ങളെ തുറക്കാം. കർത്താവിനു വേണ്ടി കൊടുപ്പാനും വിവിധ ശുശ്രൂഷകൾ ചെയ്യുവാനും നമ്മുടെ കൈകളെ തുറന്നു കൊടുക്കാം. ഒരുദിവസം പ്രാണപ്രിയൻ തനിക്കുവേണ്ടി ചെയ്തതിനെല്ലാം ഏറിയപ്രതിഫലവുമായി മടങ്ങിവരും. അന്നു നാം അവന്റെ മുമ്പാകെ വെറും കൈയോടെ നില്പാൻ ഇടയാകാതെ ചില പ്രതിഫലങ്ങൾ ഏറ്റുവാങ്ങാൻ തക്കവണ്ണം ഒരുക്കമുള്ളവരായി നില്പാൻ ദൈവാത്മാവ് ഏവരെയും സഹായിക്കുമാറാകട്ടെ (വെളി 22:12).

❑

# പുസ്തകം മാറ്റി എഴുതിയ നിരീശ്വരവാദികൾ - 2



മേരി അഞ്ചൻ, തുംകൂർ

**പത്തൊമ്പതാം നൂറ്റാണ്ടിൽ**

19ാം നൂറ്റാണ്ടിൽ അമേരിക്കയിൽ ജീവിച്ചിരുന്ന ലൂ വാലസ് (Lew Wallace, 1827-1905) ഒരു നോവലിസ്റ്റും, രാജ്യതന്ത്രജ്ഞനും ആയിരുന്നു. ന്യൂ മെക്സിക്കോയിലെ ഗവർണർ ആയും, ടർക്കിയിലെ മന്ത്രിയായും ഉദ്യോഗം വഹിച്ചിരുന്നു (എൻസൈക്ലോപീഡിയ). ഒരു ക്രിസ്ത്യാനി ആയിരുന്നില്ലെങ്കിലും ഒരു നോവലിസ്റ്റ് എന്ന നിലയിൽ യേശുക്കുഞ്ഞിനെ കാണാൻ കിഴക്കുനിന്നു വന്ന വിദ്വാന്മാരെ ആസ്പദമാക്കി ഒരു പുസ്തകം (The Magi from the East) രചിക്കാൻ ആരംഭിച്ചിരുന്നു. അക്കാലത്താണ് അദ്ദേഹം പ്രമുഖനിരീശ്വരവാദി ആയിരുന്ന റോബർട്ട് ഇൻഗർസോളുമായി (Robert Ingersoll) പരിചയപ്പെട്ടത്. ക്രിസ്ത്യാനികളുടെ അഭൂത പൂർവ്വവർദ്ധനവിൽ വളരെ അസ്വസ്ഥനായിത്തീർന്ന അയാൾ ക്രിസ്തുമതത്തിന് എതിരായി പുസ്തകങ്ങൾ രചിക്കുകയും, പ്രഭാഷ ണങ്ങൾ നടത്തുകയും ചെയ്തിരുന്ന കാലം! ഇൻഗർസോൾ ഒരു അഭിഭാഷകനും, രാഷ്ട്രീയ സാമ്പത്തിക ശാസ്ത്രജ്ഞനും ആയിരുന്നു. യേശുക്രിസ്തുവിന്റെ ദൈവത്ത്വത്തെ നിഷേധിച്ചുള്ള പ്രസംഗങ്ങളും, പരിപാടികളും വാലസിനെ വല്ലാതെ സ്പർശിച്ചു. ദൈവത്തെയോ യേശുക്രിസ്തുവിനെയോ കുറിച്ച് അയാൾക്ക് പ്രത്യേകിച്ച് ഒന്നും തന്നെ അറിയാൻ പാടില്ലായിരുന്നു. എന്നാൽ ഇംഗർസോളിന്റെ പ്രസംഗ പരിപാടികളിൽ സംബന്ധിച്ചശേഷം ഈ വിഷയത്തെ സംബന്ധിച്ചു ഒരു പഠനം നടത്തുവാൻ തീരുമാനിച്ചു. പുസ്തകമെഴുത്തു നിർത്തിവച്ചിട്ട് വേദപുസ്തകം വായിക്കാൻ ആരംഭിച്ചു. യേശുവിന്റെ ഇഹലോകചരിത്രം പഠിക്കവേ, യേശുവിന്റെ മഹത്കാര്യങ്ങൾ, ക്രൂശ്മരണ സമയത്ത് ലോകത്തെ അത്ഭുതപ്പെടുത്തിയ സംഭവവികാസങ്ങൾ എന്നിവ അദ്ദേഹത്തിന്റെ ഹൃദയത്തിന് പുതിയദർശനം നല്കി. യേശു സാക്ഷാൽ ദൈവപുത്രനാണെന്നും അവൻ മരണത്തെ ജയിച്ച് പുനരുത്ഥാനം പ്രാപിക്കയും, സ്വർഗ്ഗോന്നതങ്ങളിലേക്ക് മടങ്ങിപ്പോകയും ചെയ്തു എന്നത് വിശ്വാസയോഗ്യമാണെന്നും വിശ്വസിച്ചു. ഉത്ഥിതനായ യേശുക്രിസ്തുവിനെ കണ്ടുമുട്ടിയ വാലസ് ഒരു പുസ്തകമെഴുതാൻ തീരുമാനിച്ചു. എന്നാൽ ദൈവപുത്രനെ കഥാപാത്രമാക്കി എഴുതുന്ന ഒരു നോവൽ അമേരിക്കയിലെ വിശ്വാസികൾക്കു സ്വീകാര്യമാവുകയില്ലെന്നു മനസ്സിലാക്കിയ വാലസ് "യൂദാ ബെൻഹർ" (Judah Benhur) എന്ന യെഹൂദ യുവാവിനെ പ്രധാന പാത്രമാക്കി രചിച്ച പുസ്തകമാണ് Benhur. (1888 ൽ ഈ പുസ്തകം പ്രസിദ്ധീകരിച്ചു). യോശുവയുടെ സഹപ്രവർത്തകനായിരുന്ന ഹൂരിന്റെ വംശാവലിയിലെ യൂദായുടെ പേരിലുള്ള പുസ്തകത്തിന് "ഹൂരിന്റെ മകൻ" എന്നർത്ഥമുള്ള "ബെൻഹർ" (son of Hur) എന്നു പേരിട്ടു.

യോശുവയും സൈന്യവും അമാലേക്കിനോടു യുദ്ധം ചെയ്തു അവരെ സമ്പൂർണ്ണമായി നശിപ്പിച്ചു. യോശുവ യുദ്ധം ചെയ്തപ്പോൾ മോശെയും, അഹരോനും, ഹൂരും കുന്നിൻമുകളിൽ കയറി. യിസ്രായേൽ ജയിച്ചപ്പോഴൊക്കെയും മോശെ ദൈവത്തിന്റെ വടി ഉയർത്തിപ്പിടിച്ചുകൊണ്ടിരുന്നു. കൈയ്ക്കു ഭാരം വന്നപ്പോൾ അഹരോനും ഹൂരും മോശെയുടെ ഇരുവശങ്ങളിലുംനിന്ന് കൈകൾ താങ്ങി (പുറപ്പാട് 17:11,12). ആ ഹൂരിന്റെ വംശാവലിയിൽ ജനിച്ച യൂദയെ കഥാപാത്ര

മാക്കി എഴുതപ്പെട്ട പുസ്തകമാണ് ബെൻഹർ (BENHUR). 600-ൽ പരം പേജുകളുള്ള ഈ പുസ്തകം 19-ാം നൂറ്റാണ്ടിലെ ഏറ്റവും പ്രചുരപ്രചാരം ലഭിച്ച പുസ്തകമായിരുന്നു. 10 വർഷങ്ങൾക്കുള്ളിൽ 3 ലക്ഷം പ്രതികൾ വില്ക്കപ്പെട്ടു. വിശ്വാസികളും, അവിശ്വാസികളും ഈ പുസ്തകം അംഗീകരിച്ചു.

1959-ൽ പുറത്തു വന്ന ബെൻഹർ എന്ന സിനിമാ ഏറ്റവും പ്രസിദ്ധി ആർജ്ജിച്ച് 11 ഓസ്കർ അവാർഡിന് അർഹതയുള്ളതായിത്തീർന്നു. യേശുക്കുഞ്ഞിനെ കണ്ടെത്തുവാൻ കിഴക്കേദേശത്തുനിന്നുവന്ന വിദ്വാന്മാരെ ആസ്പദമാക്കി എഴുതാൻ ആരംഭിച്ച പുസ്തകം മാറ്റി എഴുതി. യേശുക്രിസ്തുവിനെ മശീഹാ ആയിട്ടും ദൈവപുത്രനായിട്ടും കണ്ടെത്തിയ വാലസിന്റെ പുതിയപുസ്തകം ആയിരക്കണക്കിന് ജനങ്ങളെ ക്രിസ്തുവിശ്വാസികളാക്കിത്തീർത്തു. BENHURഎന്ന പുസ്തകത്തിന് "ക്രിസ്തുവിന്റെ ചരിത്രം" (A Tale of the Christ) എന്നും പേരുണ്ട്.

**ഇരുപതാം നൂറ്റാണ്ടിൽ**


20-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ ജീവിച്ചിരുന്ന (1881-1950) ആൽബർട്ട് ഹെൻറി റോസ്സ് (Albert Henry Ross) ഒരു അഭിഭാഷകനും പത്രപ്രവർത്തകനും ആയിരുന്നു. ചെറുപ്പം മുതലേ യേശുക്രിസ്തുവിന്റെ ദൈവത്ത്വത്തിൽ വിശ്വസിച്ചിരുന്നില്ല. എന്നാൽ ഒരു പള്ളി ഭക്തനായിരുന്നു. ക്രമമായി പള്ളി ആരാധനയിൽ സംബന്ധിച്ചിരുന്നെങ്കിലും Apostolic Creed (വിശ്വാസപ്രമാണം) ഉരുവിടുമ്പോൾ "പൊന്തിയോസ് പീലാത്തോസിന്റെ കീഴിൽ കഷ്ടം അനുഭവിച്ച് ക്രൂശിക്കപ്പെട്ടു മരണമടഞ്ഞു" എന്നു പറഞ്ഞ് നിർത്തുക പതിവായിരുന്നു. "മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു" എന്ന് വിശ്വസിച്ചിരുന്നില്ല. അക്കാലത്ത് യേശുക്രിസ്തുവിന്റെ പുനരുത്ഥാനം വെറും കെട്ടുകഥയാണെന്ന് പഠിപ്പിച്ചുപോന്ന ജർമ്മൻ ദൈവശാസ്ത്രപണ്ഡിതരുടെ പ്രഭാഷണങ്ങൾ റോസിന്റെ നിരീശ്വരവാദത്തിന് ആക്കം കൂട്ടി. യേശുവിന്റെ പുനരുത്ഥാനം വെറും കെട്ടുകഥയാണെന്ന് തെളിയിക്കുവാൻ ഒരു പുസ്തകമെഴുതാൻ റോസ് യേശുവിന്റെ ഇഹലോക ജീവിതത്തിന്റെ അവസാന ഏഴുദിവസങ്ങളെക്കുറിച്ച് സമഗ്രമായ പഠനം ആരംഭിച്ചു. യേശു എന്ന വ്യക്തിത്വത്തെ അയാൾ ആദരിച്ചെങ്കിലും പുനരുത്ഥാനത്തിൽ വിശ്വസിക്കാൻ കഴിഞ്ഞില്ല. യേശുവിന്റെ ജീവചരിത്രം, ന്യായമില്ലാത്ത ന്യായതീർപ്പ്, ക്രൂശുമരണത്തോടനുബന്ധിച്ച് മർദ്ദനമേറ്റപ്പോൾ അവന്റെ സൗമ്യത, സഹിഷ്ണുത, ശത്രുക്കൾക്കു വേണ്ടിയുള്ള പ്രാർത്ഥന എന്നിവ സംശോധനാപൂർവ്വം പഠനം നടത്തിയ റോസ് പത്തു വർഷക്കാലത്തിനുശേഷം താൻ നേരത്തെ ആരംഭിച്ച പുസ്തകം മാറ്റി എഴുതി.

ഭയവിഹ്വലരായി ഒളിച്ചോടിയ ശിഷ്യഗണം രാത്രിയിൽ കല്ലറയ്ക്കലെത്തി യേശുവിന്റെ ശരീരം മോഷ്ടിച്ചശേഷം അവൻ പുനരുത്ഥാനം പ്രാപിച്ചു എന്ന വാർത്ത പരസ്യമാക്കി എന്നത് വിശ്വാസയോഗ്യമല്ല എന്ന് റോസ് മനസ്സിലാക്കി (മത്താ.27:64). കല്ലറയുടെ വാതിൽക്കലെ ബൃഹത്തായ കല്ല് ഏതോ അദൃശ്യമായ ദൈവികശക്തിയാൽ മാറ്റപ്പെട്ടതാണെന്ന് റോസ് വിശ്വസിക്കുകയും, അതിനെ ആസ്പദമാക്കി ഒരു പുസ്തകം രചിപ്പാൻ തീരുമാനിക്കുകയും ചെയ്തു. അതിന്റെ ഫലമായി റോസ് ഫ്രാങ്ക് മോറിസൺ (Frank Morison) എന്ന തൂലികാനാമത്തിൽ എഴുതി 1930-ൽ പ്രസിദ്ധീകരിച്ച പുസ്തകമാണ് "Who Moved The Stone" (ആരാണ് കല്ലു മാറ്റിയത്). തന്റെ സത്യാന്വേഷണവേളയിൽ ഉത്ഥിതനായ യേശുക്രിസ്തുവിനെ കണ്ടുമുട്ടുകയും ഈ പുസ്തകത്തിൽകൂടെ തന്റെ അനുഭവം പങ്കുവയ്ക്കുകയുമാണ് ചെയ്തത്. ഈ പുസ്തകം വായിച്ച് പുനരുത്ഥാനസത്യം തിരിച്ചറിഞ്ഞ് ക്രിസ്തുവിന്റെ അനുയായികളായവർ പരസഹസ്രം ആളുകളാണ്.

നാം പ്രതിപാദിച്ച മൂന്നു പുസ്തകങ്ങൾ വായിച്ച് വീണ്ടും ജനനം പ്രാപിച്ചിട്ടുള്ളവർ സംഖ്യാതീതമാണ്. 'Benhur', 'Who Moved The Stone' എന്നീ രണ്ടു പുസ്തകങ്ങളും സശ്രദ്ധം വായിച്ച എനിക്കുണ്ടായ ആത്മീയ സന്തോഷത്തെ വായനക്കാരോടൊപ്പം പങ്കുവയ്ക്കുന്നതിനാണ് ഞാൻ ഈ ലേഖനപരമ്പര എഴുതിയത്. ❑

# മക്കൾ അമൂല്യനിധി

ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം



"അദ്ധ്വാനിക്കുവാൻ മനസ്സില്ലാത്തവൻ തിന്നുകയുമരുത്".

അപ്പൊസ്തലനായ പൗലൊസിന്റെ വാക്കുകളാണിത്. വളരെ അദ്ധ്വാനിച്ചിട്ടും ഭക്ഷണത്തിന് തികയാത്ത കാലത്താണ് നാം ജീവിക്കുന്നത്. മനുഷ്യൻ അദ്ധ്വാനിച്ച് ഉപജീവനം കഴിക്കുവാനാണ് ദൈവം ഉദ്ദേശിച്ചിട്ടുള്ളത്. ജോലി ചെയ്യുന്നതിൽ അഭിമാനം തോന്നാത്തവരും തോന്നുന്നവരുമുണ്ട്. വെർജീനിയയിൽ ബ്ലാക്സ്ബർഗ് എന്ന പട്ടണത്തിലെ ബാപ്റ്റിസ്റ്റ് സഭയിലെ പാസ്റ്റർ ഡോ. അല്ലന്റെ വേനൽക്കാല വസതിയിൽ ഇരുന്നാണ് ഞാൻ ഈ അദ്ധ്യായം എഴുതുന്നത്. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ അമേരിക്കയിൽ വേനൽക്കാലമാണ്. കേരളത്തിൽ കനത്ത മഴയും. ഇന്ന് രാവിലെ 9 മണിക്ക് ഞാൻ കോട്ടയത്തുള്ള എന്റെ വീട്ടിലേക്ക് ഫോൺ ചെയ്തിരുന്നു. അവിടെ സമയം വൈകിട്ട് 8 മണി. രാവിലത്തെ പ്രഭാതഭക്ഷണം കഴിഞ്ഞ് അല്ലനും ഭാര്യയും തൂമ്പയും കുട്ടയും വാളും ആയി പുരയിടത്തിൽ ഇറങ്ങി പണി ചെയ്യുകയാണ്. കള പറിക്കുന്നു. തക്കാളി, ചീര, വെണ്ടക്ക മുതലായവയ്ക്ക് വളം ഇടുന്നു. ആപ്പിൾ, പീച്ച് മരങ്ങൾക്ക് വേണ്ട ശുശ്രൂഷകൾ നല്കുന്നു. പരിസരങ്ങളെല്ലാം വെടിപ്പാക്കുന്നു. ശനിയാഴ്ചത്തെ അവധി ദിവസം അവർ അങ്ങനെയാണ് ചെലവഴിക്കുന്നത്. ഉച്ചകഴിഞ്ഞ് കായലിൽ പോയി മീൻപിടിക്കുകയും ചെയ്യും. ആയിരത്തിലധികം അംഗങ്ങളുള്ള സഭയിലെ ശുശ്രൂഷകനാണ് റവ. ഡോ. അല്ലൻ. അന്തസ്സായി ജീവിക്കുവാനുള്ള പ്രതിഫലം മാസംതോറും സഭയിൽനിന്നും നല്കുന്നുണ്ട്. തന്റെ ഭാര്യയും ജോലി ചെയ്യുന്നു. പള്ളിയിലെ ലൈബ്രറിയുടെ ചുമതലയാണവർക്ക്.

**ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ "തടവുകാരെ തേടി" എന്ന പുസ്തകത്തിൽ നിന്നും**

കേരളത്തിലാണെങ്കിൽ ഇതിന്റെ നാലിൽ ഒന്നു സൗകര്യമുണ്ടായാൽ പിന്നെ ജോലികളെല്ലാം മറ്റുള്ളവരെക്കൊണ്ടാണ് ചെയ്യിക്കുന്നത്. ഏതുജോലിയും ചെയ്യുന്നത് അഭിമാനം തോന്നുവാൻ നമ്മുടെ വിദ്യാഭ്യാസ രീതി പുനഃസംവിധാനം ചെയ്തേ കഴിയൂ. ശരീരത്തിനു വേണ്ടത്ര വ്യായാമം ലഭിക്കാത്തതിനാൽ രോഗികളാകുന്ന പലരുമുണ്ട്. അലസത പല ദുഃസ്വഭാവങ്ങൾക്ക് വളം വയ്ക്കുന്നു. വൃഥാവിലാക്കുന്ന സമയങ്ങൾ മിക്കപ്പോഴും മനുഷ്യനെ തെറ്റിലേക്കാണ് വലിച്ചിഴയ്ക്കുന്നത്. തിരുത്തലിനപ്പുറമായ മറ്റൊരു ചിന്ത, ചില ജോലികൾ, ചില വംശക്കാർക്ക് മാത്രമേ ചെയ്തുകൂടു എന്നതാണ്. മരപ്പണി, മുടിവെട്ട്, തെങ്ങു കയറുക, തുണി അലക്കുക, ഇരുമ്പു പണി, കല്ലാശ്ശാരിപ്പണി തുടങ്ങിയവ. സാങ്കേതിക വിദ്യാഭ്യാസ പരിപാടി ആവിഷ്കരിച്ചതോടെ ഏതു ജോലിയും ആർക്കും പഠിക്കാം, ചെയ്യാം എന്നുള്ള ധാരണ മെല്ലെ വന്നുതുടങ്ങിയിട്ടുണ്ട്. ഏതു തൊഴിലും അഭ്യസിക്കുവാനുള്ള മനസ്സും ചെയ്യുവാനുള്ള ഒരുക്കവും മറ്റുള്ളവരിലുള്ള നമ്മുടെ ആശ്രയത്തെ വളരെ കുറച്ചുതരും. അലക്കുകാരൻ വരാത്തതിനാൽ പരിപാടി മാറ്റിവയ്ക്കേണ്ടി വരുന്നതിനേക്കാൾ നല്ലതല്ലേ സ്വയം അലക്കുവാൻ പഠിക്കുന്നതും അലക്കുന്നതും. ചില തൊഴിലാളികളുടെ അമിതമായതും അന്യായമായതുമായ കൂലിവർദ്ധ

നയുടെ മുമ്പിൽ നാം തലകുനിക്കുന്നതും അവ സാനിപ്പിക്കുവാൻ സമയം അതിക്രമിച്ചിരിക്കുന്നു. അദ്ധ്വാനത്തെ ലഘൂകരിക്കുന്ന ആധുനിക ശാസ്ത്രനേട്ടങ്ങൾ നമുക്ക് രാജ്യത്ത് ലഭ്യമായി തുടങ്ങിയിട്ടുണ്ട്.

നമ്മുടെ വീടുകളിൽ കുഞ്ഞുങ്ങൾ ജോലി ചെയ്യുന്നതിൽ അഭിമാനം തോന്നുന്ന വരായി അഭിവൃദ്ധി പ്രാപിക്കേണ്ടിയിരിക്കുന്നു നാം. എന്റെ വല്ല്യമ്മ പറഞ്ഞ് ഞാൻ ഇങ്ങനെ കേട്ടിട്ടുണ്ട്: "പ്ലാവില എടുക്കാറായതിനെ ക്കൊണ്ട് പ്ലാവില എടുപ്പിക്കണം." പല മാതാ പിതാക്കളും മക്കളെക്കൊണ്ട് ജോലി ഒന്നും ചെയ്യിക്കാറില്ല. "അത് കൊച്ചല്ലേ" എന്നാണ് വിചാരം. മാതാപിതാക്കൾ ചെറുപ്പത്തിൽ അനു ഭവിച്ച കഷ്ടത തങ്ങളുടെ മക്കൾ അനുഭവി ക്കരുത് എന്നുള്ള ചിന്തയാണ് മുമ്പിലെങ്കിലും, മടിയന്മാരായ ഒരു യുവതലമുറയെ സൃഷ്ടിക്ക യാണ് ഈ മനോഭാവമെന്ന് അവർ അറി യുന്നില്ല. കുട്ടികൾക്കു ചെയ്യാവുന്ന ചെറിയ ജോലികൾ എല്ലാ വീട്ടിലുമുണ്ട്. അത് ചെയ്യു ന്നത് അവരുടെ ആരോഗ്യത്തിന് നല്ലതാണ്. മാനസിക വളർച്ചയെ സഹായിക്കും. കുടുംബ ത്തിലെ അവിഭാജ്യ ഘടകമാണെന്നും എന്റെ അപ്പനും അമ്മയ്ക്കും സമൂഹത്തിനും ഞാൻ വിലയും പ്രാധാന്യവുമുള്ളവനാണെന്ന ഉത്തര വാദിത്വബോധവും ആ കുട്ടിയിൽ വളർത്തും. ഒരു നല്ല പൗരൻ പരിശീലിപ്പിക്കപ്പെടുന്നത് അവന്റെ വീട്ടിലാണ്.

കുട്ടനാടൻ പ്രദേശത്തുള്ള ഒരു സാമാന്യ സമ്പന്നകുടുംബത്തിലേക്ക് ഞാൻ നിങ്ങളെ ക്ഷണിക്കുകയാണ്. തൊമ്മിച്ചേട്ടനും റാഹേലമ്മയും നാലു മക്കളും ചേർന്ന കുടും ബം. മൂത്തപുത്രനാണ് ജോയി. ഔസേപ്പും കുഞ്ഞും ഇളയമക്കളും, ഏറ്റവും ഇളയതായി സാലിയും. അവരുടെ മുറ്റത്തുനിന്നാൽ നെൽപ്പാടങ്ങൾ പരന്നുകിടക്കുന്നത് കാണാം. കാവലെന്നപോലെ തെങ്ങുകൾ. നല്ലതുപോലെ കായ്ക്കുന്നവയാണ്. ചിലത് ചെത്തി കള്ളെടു ക്കുന്നുണ്ട്. വേമ്പനാട്ടുകായൽ സകലപ്രതാപ ത്തിലും കിടക്കുന്നു. അതിനെ കീറിമുറിച്ചു കൊണ്ട് വാട്ടർ ട്രാൻസ്പോർട്ട് വക ബോട്ടുകൾ സർവീസ് നടത്തുന്നു. നെൽപ്പാടങ്ങളെ ചുറ്റി വളഞ്ഞൊഴുകുന്ന തോടുകൾ കേരളമാതാവ് ഉടുത്തിരിക്കുന്ന പച്ചസാരിയുടെ കസവു പോലെ തോന്നും. ചകിരിത്തൊണ്ടും പഞ്ചസാര മണലും കയറ്റിയുള്ള വള്ളങ്ങൾ തോടുക ളിൽക്കൂടി പോകുന്നുണ്ട്.

ദുഃഖത്തിന്റെ ഒരു കഥയാണ് ആ വീടിനു പറയുവാനുള്ളത്. എല്ലുമുറിയെ പണി യെടുത്ത് ജീവിച്ചുവന്ന തൊമ്മിച്ചേട്ടൻ മക്കളെ സുഖമായി വളർത്തുവാനാഗ്രഹിച്ചു. ഹൈസ്കൂൾ കഴിഞ്ഞ ജോയി വീട്ടിൽ നിന്നും കുറെ പണവും എടുത്തുകൊണ്ട് പുറത്തുചാടി. കൈയിലെ കാശ് തീർന്നപ്പോൾ പണിയെടു ക്കാതെ കാശുണ്ടാക്കുവാനാണ് പ്രേരണയു ണ്ടായത്. ചൂതുകളിയിലായി ഭ്രമം. മറ്റുള്ളവരെ സമീപിച്ച് തന്മയത്വമായും ഭീഷണിപ്പെടു ത്തിയും പിച്ചാത്തി കാണിച്ചും പണം വാങ്ങു വാൻ തുടങ്ങി. ദീർഘദിവസങ്ങൾ പരിപാടി നട ന്നില്ല. തൊമ്മിച്ചേട്ടനെ പരിചയമുണ്ടായിരുന്ന ഒരാൾ ജോയിയെ സമീപിച്ച് ഉപദേശങ്ങളെല്ലാം നല്കിയശേഷം വീട്ടിൽ ആക്കി. അമ്മ കണ്ണു നീരോടെ കെഞ്ചിയും അപ്പൻ കോപത്തോടെ ശാസനയായും പല കാര്യങ്ങൾ പറഞ്ഞുകൊ ടുത്തുവെങ്കിലും പണി ചെയ്യാതെ കാശ് ധൂർത്തടിച്ചു ശീലിച്ചുപോയ ജോയിക്ക് വീട്ടിലെ അന്തരീക്ഷം ശ്വാസംമുട്ടലായിത്തീർന്നു. അവൻ പിന്നെയും വീടുവിട്ടിറങ്ങി ഭീഷണിപ്പെ ടുത്തി പണം വാങ്ങുന്ന പരിപാടി തുടർന്നു. പരിപാടിക്ക് ഗൗരവം കൂടുവാൻ വീര്യം കൂടിയ മദ്യം കഴിച്ചുതുടങ്ങി. വേശ്യാലയങ്ങളിൽ അന്തിയുറങ്ങുവാനാരംഭിച്ചു. ഒരിക്കൽ സ്ഥലത്തെ മാന്യനായ ഒരാളെ ഭീഷണിപ്പെ ടുത്തി പണം തട്ടിയെടുത്തു. തുടർന്ന് പോലീസ് പിടിച്ച് ജയിലിലാക്കുകയും ചെയ്തു.

ജയിലിലെ ജീവിതം ജോയിക്ക് തീരെ പിടിച്ചില്ല. ഭക്ഷണം രുചിപോരാ, ഉദ്യോഗസ്ഥ ന്മാരെ അനുസരിക്കണം. 16x12 അടി വലുപ്പ മുള്ള മുറിയിൽ ഒതുങ്ങിക്കൂടണം. കൂട്ടുകാ രെല്ലാം ഒരു തരം. ഇതിന്റെയെല്ലാം ഫലമായി മത്സരിയായ ചെറുപ്പക്കാരൻ നിരാശനാകുവാൻ

*ശേഷം 21-ാം പേജിൽ*

# കാലത്തെ വിവേചിക്കുക

യോഹന്നാൻ ഏബ്രഹാം, തിരുവനന്തപുരം



**കാ**ലത്തിന്റെ പൊതുവേയുള്ള സ്വഭാവം വിവേചിക്കുവാൻ, തിരിച്ചറിയുവാൻ ബുദ്ധിയുള്ളവരായിരിക്കേണ്ടതാണ്. അതില്ലാത്തതാണ് ഇന്നത്തെ ഏറ്റവും വലിയ പ്രശ്നം. കാലവിവേചനത്തിന്നായി ദൈവത്തിന്റെ തിരുവചനം നമ്മുടെ ഭാഷയിൽ ദൈവം നമുക്ക് നല്കിയിട്ടുണ്ട്. ബരോവയിലുള്ളവരെപ്പോലെ കേൾക്കുന്ന വചനങ്ങൾ അങ്ങനെയുണ്ടോയെന്ന് തിരുവചനം പരിശോധിച്ചുനോക്കേണ്ടതാണ്. അപ്പൊസ്തലനായ പൗലൊസ് എഴുതിയ ലേഖനങ്ങൾ പരിശോധിച്ചാൽ കാലവിവേചനത്തിന്ന് അറിവു നല്കുന്ന പല ഭാഗങ്ങൾ കാണാവുന്നതാണ്. പ്രവാചക പുസ്തകങ്ങളിലും ഇതു വളരെയേറെ വ്യക്തമാക്കിയിട്ടുണ്ട്.

''യഹോവയുടെ പുസ്തകത്തിൽ അന്വേഷിച്ചു വായിച്ചുനോക്കുവിൻ; അവയിൽ ഒന്നും കാണാതിരിക്കയില്ല; ഒന്നിന്നും ഇണ ഇല്ലാതിരിക്കയുമില്ല; അവന്റെ വായല്ലോ കല്പിച്ചതു; അവന്റെ ആത്മാവത്രേ അവയെ കൂട്ടി വരുത്തിയതു" (യെശ. 34:16). ഇതിൽപ്പരം വ്യക്തമായി വേറൊരു എഴുത്ത് എന്തിന്?

"കാവല്ക്കാരാ, രാത്രി എന്തായി? കാവല്ക്കാരാ, രാത്രി എന്തായി? എന്നു ഒരുത്തൻ സേയീരിൽനിന്നു എന്നോടു വിളിച്ചു ചോദിക്കുന്നു. അതിന്നു കാവല്ക്കാരൻ: പ്രഭാതവും രാത്രിയും വന്നിരിക്കുന്നു;" (യെശ. 21:11-12) പ്രഭാതവും രാത്രിയും ഒന്നിച്ച് വരുമോ? പ്രവചനത്തിൽ പ്രഭാതം വെളിച്ചമുള്ളതും, രാത്രി അന്ധകാരവും അതിക്രമവും ഉള്ളതാണ്. യഹോവയെ കാത്തിരിക്കുന്നവർക്ക് ഒരു പ്രഭാതം ഉണ്ടാകും. ദൈവനിഷേധികൾക്ക് ഒരു അന്ധകാരരാത്രിയുണ്ടാകും. അതാണ് പ്രഭാതവും രാത്രിയും വരുന്നു എന്ന് പറഞ്ഞിരിക്കുന്നത്.

പൗലൊസ് പരിശുദ്ധാത്മപ്രകാശനത്താൽ അന്ത്യകാലത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത് തിമൊഥിയൊസിന്റെ രണ്ടാംലേഖനത്തിൽ കാണാം. അന്ത്യകാലത്ത് ദുർഘടസമയങ്ങൾ വരുമെന്നറിക (2 തിമൊ.3:1-8). ഈ കാലത്തിന്റെ നഗ്നചിത്രം അവിടെ കാണാവുന്നതാണ്. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും അഹങ്കാരികളും ദുഷ്ടന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയരും ഉഗ്രന്മാരും എന്നു തുടങ്ങി താഴോട്ട് വായിക്കുക.

ഈ സ്വഭാവങ്ങൾ ഇന്ന് വർദ്ധിച്ചു വരുന്നത് നമ്മുടെ കൺമുമ്പിൽ കണ്ടു കൊണ്ടിരിക്കുന്നതാണ്. അനുസരണമില്ലാത്ത മക്കൾ, സ്നേഹമില്ലാത്ത അമ്മയപ്പന്മാർ, മക്കൾ അപ്പനെയും അമ്മയെയും അനുസരിക്കാതെ കൊലപാതകം വരെ നടത്തുന്നു.

കഴിഞ്ഞ ദിവസത്തെ പത്രത്തിൽ ഒരു വയസ്സുപോലും തികയാത്ത സ്വന്തം കുഞ്ഞിനെ ക്രൂരമായി മർദ്ദിച്ച് മരണശയ്യയിൽ കിടക്കുന്നു. ഇതു ഞാൻ ഇവിടെ വിസ്തരിക്കേണ്ടതില്ല. ഉഗ്രന്മാരായിത്തീർന്ന മനുഷ്യരുടെ മൃഗീയതയെക്കാൾ ഉപരിയായ ക്രൂരകൃത്യങ്ങൾ കണ്ടിട്ടും കേട്ടിട്ടും ഇതു ഒരു അന്ത്യകാലമാണെന്ന് നിസ്തർക്കം ചിന്തിക്കാവുന്നതാണ്. ഈ ദുരന്തങ്ങൾ കണ്ടിട്ട് നമുക്ക് വിവേകവും വിവേചനവും ഉണ്ടാകുവാൻ പ്രപഞ്ചം മുഴുവൻ

പരന്നിരിക്കുന്ന കൊറോണാ ലക്ഷണങ്ങളെയാണ് കാലയവനികയിൽ തള്ളിക്കളയുന്നത്. യുദ്ധവും യുദ്ധശ്രുതികളും നമ്മുടെ രാജ്യത്തു തന്നെ അരങ്ങേറിക്കൊണ്ടിരിക്കുകയാണ്.

ജനമേ ഉണരുക. രട്ടിലും വെണ്ണീരിലും കിടന്ന് അനുതപിക്കുക. ദൈവത്തോടു കരയുക. ഇതിന് ഒരു പരിസമാപ്തി ഉണ്ടാക്കുവാൻ ഉടയവന്റെ അടുക്കൽ മുട്ടിപ്പായി കരഞ്ഞപേക്ഷിക്കുക. പരിഹാരത്തിനു പ്രപഞ്ചത്തെ സൃഷ്ടിച്ച് നിയന്ത്രിച്ച് നിലനിർത്തുന്ന സത്യദൈവത്തിൽ ആശ്രയിക്കാം. ദൈവാലയങ്ങൾ അടച്ചിട്ടിരിക്കുന്നു. ആരാധന അവസാനിച്ചിരിക്കുന്നു. ദൈവജനമേ, തിരുവെഴുത്തുകളിൽ നിന്നും വായിച്ച് കാലത്തെ സന്ദർഭോചിതമായി വിവേചിച്ച് ഉണർന്നു കരയാം, പ്രാർത്ഥിക്കാം. കരുണയുള്ള മഹാദൈവം മറുപടി നല്കും. തീർച്ചയായും.

രാത്രിയിൽ, യാമാരംഭത്തിങ്കൽ എഴുന്നേറ്റു നിലവിളിക്ക;നിന്റെ ഹൃദയത്തെ വെള്ളം പോലെ കർത്തൃസന്നിധിയിൽ പകരുക; (വിലാ. 2:19a)

❑

---

*4-ാം പേജിൽ നിന്നും തുടർച്ച (സ്ത്രീകളിൽ ജ്ഞാനമുള്ളവൾ)*

ക്കൊണ്ടിരിക്കയല്ലെ? അധർമ്മം പെരുകി മൂർദ്ധന്യാവസ്ഥയിലാകുമ്പോൾ അധർമ്മമൂർത്തി പ്രത്യക്ഷപ്പെടും എന്ന് ആരോ പറഞ്ഞത് യാഥാർത്ഥ്യമാകാൻ പോവുകയാകുന്നു. അതായത്, കലിയുഗം, ലോകാന്ത്യം യേശുകർത്താവിന്റെ രണ്ടാംവരവ് ഇതൊക്കെ നടക്കാൻ കാലം ഇനി അധികമില്ല. അതിനുള്ള ലക്ഷണങ്ങൾ വിശുദ്ധ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു. "ജാതി ജാതിയോടും, രാജ്യം രാജ്യത്തോടും എതിർക്കും "... ക്ഷാമവും ഭൂകമ്പവും അവിടവിടെയുണ്ടാകും..." കള്ളപ്രവാചകന്മാർ വന്ന് അനേകരെ തെറ്റിക്കും" "അധർമ്മം പെരുകുന്നതുകൊണ്ട് അനേകരുടെ സ്നേഹം തണുത്തുപോകും"! "സഹോദരൻ സഹോദരനെയും, അപ്പൻ മകനേയും, മരണത്തിന് ഏല്പിക്കും. മക്കളും, അമ്മയപ്പന്മാരുടെ നേരെ എഴുന്നേറ്റ് അവരെ കൊല്ലിക്കും" "മഹാവ്യാധികളും" അവിടവിടെയുണ്ടാകും"! ഇങ്ങനെയുള്ള അനവധി കാര്യങ്ങൾ ഈ ഭൂമുഖത്തു നടക്കും എന്ന മുന്നറിയിപ്പ്, തിരുവചനത്തിൽ ദൈവം നമുക്കു നല്കിട്ടുണ്ട്.

എന്തുകൊണ്ടാണ് ഈ "ലോക്ഡൗൺ?" ദൈവാലയങ്ങൾ അടച്ചുപൂട്ടി. വീട്ടിലിരുന്നായി ആരാധനയും, പ്രാർത്ഥനയും, വചനപഠനവും! ഇതൊക്കെ ദൈവം മുന്നമേകൂട്ടി പ്രവചിച്ചിട്ടുള്ളതാകുന്നു. അതുകൊണ്ട് ഇതൊക്കെ കാണുകയും കേൾക്കയും ചെയ്യുമ്പോൾ നാം എന്തു ചെയ്യണം എന്നും കല്പിച്ചിട്ടുണ്ട്. പാപങ്ങളും, തെറ്റുകുറ്റങ്ങളും, ഏറ്റുപറഞ്ഞ് അനുതപിച്ച് മാനസാന്തരപ്പെട്ട് ദൈവത്തിങ്കലേക്കു തിരിയുക. ദുഷ്പ്രവൃത്തികളും, അന്ധവിശ്വാസങ്ങളും, വിഗ്രഹാരാധനയും, അതിക്രമങ്ങളും ലംഘനങ്ങളും ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് ആത്മാവിന്റെ രക്ഷയ്ക്കായി ദൈവം ഒരുക്കിയ ഏകരക്ഷാമാർഗ്ഗമായ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ച് നിത്യജീവൻ പ്രാപിക്കുക. "ഞാൻ തന്നേ വഴിയും, സത്യവും ജീവനുമാകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" എന്ന യേശുക്രിസ്തുവിന്റെ വാക്കുകൾ വിശ്വസിച്ച് മോക്ഷമാർഗ്ഗത്തിലാകുവാൻ ശ്രമിക്കുക. ഇനി കാലം അധികമില്ല. ഈ ഭൂമി വെന്തുരുകും. ആകാശവും ഭൂമിയും മാറിപ്പോകും. പുതിയ ആകാശവും പുതിയ ഭൂമിയും ഉണ്ടാകും. പാപികളാരും അതിൽ പ്രവേശിക്കയില്ല. ഇന്നു തന്നെ ദൈവം ഒരുക്കിയ രക്ഷാമാർഗ്ഗത്തിലാകുക. അതിന്നായി ദൈവം നമ്മെ ഏവരെയും സഹായിക്കട്ടെ!

❑

# കർത്ത്യസാന്നിദ്ധ്യം

**(മത്തായി 14:22-23)**

തങ്കമ്മ സാം, തിരുവനന്തപുരം



"പടകോ കരവിട്ടു പലനാഴിക ദൂരത്തായി, കാറ്റ് പ്രതികൂലമാകകൊണ്ട് തിരകളാൽ വലഞ്ഞിരുന്നു" മത്തായി 14:24. ശിഷ്യന്മാർ കർത്താവിനോടുകൂടെ വസിക്കുകയും ചരിക്കുകയും അവനിൽ നിന്നും നന്മകൾ അനുഭവിക്കുകയും അനേകം അത്ഭുതങ്ങളും അടയാളങ്ങളും കാണുകയും ചെയ്തുകൊണ്ടിരുന്നു. എല്ലാവിധത്തിലും സംതൃപ്തിയുടെയും സന്തോഷത്തിന്റെയും അനുഭവം. അഞ്ചപ്പവും രണ്ടുമീനും കൊണ്ട് അയ്യായിരത്തെ പോഷിപ്പിച്ചു. 'എല്ലാവരും തിന്നു തൃപ്തരായി' വാ. 20. ഹാ! എത്ര സന്തോഷം!! എപ്പോഴും ഇങ്ങനെ അങ്ങ് കഴിഞ്ഞാൽ മതി. ശിഷ്യന്മാർ അതാണ് ആഗ്രഹിച്ചത്. എല്ലാറ്റിനും മതിയായ യേശുകർത്താവിനോടുകൂടെ എന്നും ജീവിക്കാം. പ്രിയ ദൈവജനമേ! നാമും ഇങ്ങനെ ആഗ്രഹിക്കുന്നവരും പ്രാർത്ഥനയിൽ യാചിക്കുന്നവരും അല്ലേ? പ്രശ്നമില്ലാത്ത ഒരു ജീവിതം! പോരാ, ക്രിസ്തീയ ജീവിതത്തിൽ, മറ്റനേക അനുഭവങ്ങളിൽക്കൂടെ ജീവിതത്തിന്റെ മറുവശം കൂടെ ദൈവജനം നന്നായറിയണം. കയ്പിന്റെയും പ്രതികൂലങ്ങളുടെയും ഉപദ്രവത്തിന്റെയും ഒക്കെ അനുഭവങ്ങൾ തന്റെ മക്കൾ തന്നെ രുചിച്ചറിയണം സങ്കീ. 34:8. അങ്ങനെ കർത്താവു തന്റെ ശിഷ്യന്മാരെ, "തനിക്കു മുമ്പായി അക്കരയ്ക്കു പോകുവാൻ നിർബന്ധിച്ചു" വാ. 22. കർത്താവു പുരുഷാരത്തെ പറഞ്ഞയച്ചിട്ട് പ്രാർത്ഥിപ്പാൻ തനിച്ചു മലമേൽ പോയി. ഏകനായി പിതാവിനോടു സംസർഗ്ഗം പുലർത്തുന്ന ഒരു കർത്താവിനെയാണ് നാം കാണുന്നത്.

കർത്താവിനോടുകൂടെയായിരുന്ന ശിഷ്യന്മാർ അവന്റെ മഹൽസാന്നിദ്ധ്യം വിട്ട് അകന്നുപോകുന്നു. കർത്താവിനോടുകൂടെയായിരുന്നപ്പോൾ പ്രതിസന്ധികൾ പോലും അനുകൂലമായിത്തീർന്നത് അനുഭവവേദ്യമായിരുന്നു. കാറ്റ് പ്രതികൂലമായി, ഓളങ്ങളും തിരമാലകളും അവരെ അലട്ടുവാൻ, ഭയപ്പെടുത്തുവാൻ തുടങ്ങി. അവർ ഭ്രമിച്ചുപോയി. ഇവിടെ ദൈവസന്നിധാനം വിട്ട് അകന്നുപോകുന്ന ഒരു ദൈവപൈതലിന്റെ ശരിയായ ചിത്രം കാണാം. എപ്പോഴെല്ലാം ദൈവസന്നിധി വിട്ടു അകന്നുപോകുന്നുവോ അപ്പോഴെല്ലാം പ്രതിസന്ധികളിൽ അകപ്പെട്ടുപോയ അനേക ദൈവഭക്തന്മാരുടെ ദൃഷ്ടാന്തങ്ങൾ തിരുവചനത്തിൽ ഉടനീളം നമുക്കു കാണുവാൻ കഴിയും. യോനാ ദൈവത്തോട് അനുസരണക്കേടു കാണിച്ച് കൂലികൊടുത്തു മറുദിശയിലേക്ക് തന്റെ ഇഷ്ടപ്രകാരം പോകുന്നു. അനുസരണക്കേടിന്റെ തിക്തഫലം എത്ര വലുത്? ആദിമാതാവായ ഹവ്വ ദൈവത്തിന്റെയും സ്വഭർത്താവിന്റെയും സന്നിധിയിൽ നിന്നും മാറി തനിച്ചായിരുന്നപ്പോഴാണ് സാത്താന്റെ ചതിയിൽപ്പെട്ട് ദൈവത്തോട് അനുസരണക്കേടു കാണിക്കേണ്ടിവന്നത്. ഫലമോ? മനുഷ്യവർഗ്ഗം മുഴുവനും പാപികളായി, ആത്മീയമരണത്തിനു അടിമയായിത്തീർന്നു. പാപം ലോകത്തിൽ കടന്നു. ഈ ലോകമാകുന്ന സാഗരത്തിൽ ഓളങ്ങളും തിരമാലകളും നമ്മെ തകർക്കുവാൻ നോക്കുമ്പോൾ പ്രിയ ദൈവപൈതലേ നമുക്ക് ദൈവത്തോടു കൂടുതൽ പറ്റിച്ചേർന്നു പ്രതികൂലങ്ങളെ അതിജീവിച്ചു സുബോധമുള്ളവരായി ജീവിക്കാം. വിശ്വാസപ്പടക് മുങ്ങിത്താഴാതെ മടങ്ങിവരാം.

കർത്താവിൽ നിന്നും അകന്നു പടക്

കരവിട്ട് പലനാഴിക ദൂരത്തായതിനാൽ, കാറ്റ് അഥവാ സാഹചര്യങ്ങൾ പ്രതികൂലമായി, ശിഷ്യന്മാർ സഹായം അറ്റവരായി മുങ്ങിത്താഴുമാറായി. പ്രിയ ദൈവപൈതലേ, പ്രതികൂല സാഹചര്യങ്ങളിൽ വിശ്വാസമെന്ന നങ്കൂരത്തിൽ ഉറച്ചുകൊണ്ട്, നമ്മുടെ ഹൃദയക്കണ്ണുകൾ, സഹായം വരുന്ന പർവ്വതത്തിൽ ഉറപ്പിച്ച്, കർത്താവിൽ ആശ്രയിക്കാം. അവൻ ഒരുനാളും ഉപേക്ഷിക്കയില്ല എന്നു വാക്കു പറഞ്ഞിട്ടുണ്ട്. വാഗ്ദത്തം ചെയ്തവൻ വിശ്വസ്തൻ.

ഇവിടെ ഇതാ, രാത്രിയുടെ നാലാം യാമത്തിൽ വാ. 25 തിരമാലകളാൽ കലുഷിതമായ കടലിന്മേൽ നടന്നുവരുന്ന പ്രാണപ്രിയൻ. “ധൈര്യപ്പെടുവിൻ; ഞാൻ ആകുന്നു”. അവൻ അടുത്തെത്തി. ഇങ്ങനെയുള്ള അനുഭവങ്ങളിൽ എത്രയോ പ്രാവശ്യം ആ കരം നമ്മെ സ്പർശിച്ച്, ആശ്വസിപ്പിച്ചിട്ടുണ്ട്.!! നമ്മുടെ എത്ര എത്ര അനുഭവങ്ങൾ ഇതല്ലേ!! ദൈവത്തെ വിട്ടു അകന്നുപോകുമ്പോൾ, പ്രാർത്ഥനാജീവിതം കുറയുമ്പോൾ നിരാശയുടെ വക്കോളം നാം എത്തിപ്പോകാറില്ലേ? അപ്പോഴും സ്നേഹനിധിയായ കർത്താവ്, “ഭയപ്പെടേണ്ട” എന്നു പറഞ്ഞ് നമ്മെത്തേടി അരികിലെത്തും. രോഗമോ, പരാജയങ്ങളോ, ശത്രുഭയമോ, പരിശോധനകളോ എന്തുതന്നെയായാലും നമ്മെ ആശ്വസിപ്പിച്ചു വഴിനടത്തും, കർത്താവ് മതിയായവൻ. ഈ സ്നേഹനിധിയായ കർത്താവിനോടു പറ്റിച്ചേർന്നു നമുക്ക് ജീവിക്കാം. അവൻ സകലത്തിനും മതിയായവൻ, മാറ്റമില്ലാത്തവൻ, വിശ്വസ്തൻ.


കർത്താവിന്റെ അനുഗ്രഹിക്കപ്പെട്ട, അനുകരിക്കത്തക്ക സ്വഭാവവിശേഷമാണ് “അവൻ പുരുഷാരത്തെ പറഞ്ഞയച്ചിട്ട് തനിച്ചു പ്രാർത്ഥിപ്പാൻ മലയിൽ കയറിപ്പോയി” വാ. 23. ഈ ലോകജീവിതത്തിൽ കർത്താവ് പിതാവിനോടു എത്ര അടുത്ത ബന്ധം പുലർത്തിയിരുന്നു. തന്റെ ശിഷ്യന്മാർക്കുവേണ്ടി, മക്കൾക്കുവേണ്ടി എപ്പോഴും പിതാവിനോടു ജാഗരിക്കുന്ന കർത്താവിനെയാണ് ഇവിടെ കാണുന്നത്. യോഹന്നാൻ 17 കർത്താവിന്റെ പ്രാർത്ഥനയാണ്. നമുക്കും അത് അനുകരണീയമായ മാതൃകയാണ്. നമുക്കും കർത്താവിനോടും പിതാവായ ദൈവത്തോടുമുള്ള കൂട്ടായ്മയിലും സാന്നിദ്ധ്യത്തിലും സഹവാസത്തിലും പ്രാർത്ഥനയിലും ജീവിച്ച് ക്രിസ്തീയജീവിതം ധന്യമാക്കാം. നാലാം യാമത്തിൽ ആയാലും കർത്താവു സഹായഹസ്തവുമായി എത്തും.

വാ. 28 പത്രൊസിന്റെ ഒരു വലിയ ആഗ്രഹം. “കർത്താവേ, നീ ആകുന്നു എങ്കിൽ, ഞാൻ വെള്ളത്തിന്മേൽ നിന്റെ അടുക്കൽ വരുവാൻ കല്പിക്കേണമേ!” കർത്താവു പറഞ്ഞതനുസരിച്ച് അവൻ വെള്ളത്തിന്മേൽ നടക്കുവാൻ തുടങ്ങി. എന്നാൽ നോട്ടം മാറിപ്പോയി; കർത്താവിന്റെ മുഖത്തുനിന്നും നോട്ടം സമുദ്രത്തിന്മേലായതിനാൽ, അലറിമറിയുന്ന ഓളങ്ങൾ കണ്ടു, പേടിച്ചു, മുങ്ങിത്താഴുവാൻ തുടങ്ങി. പ്രിയ സഹോദരിമാരേ! എത്രയോ പ്രാവശ്യം നമ്മുടെ നോട്ടവും, ആശ്രയവും കർത്താവിൽ നിന്നും മാറിപ്പോയിട്ടില്ലേ? നാം തോറ്റുപോകുവാൻ കാരണം അതല്ലേ? “എന്റെ കണ്ണു എപ്പോഴും യഹോവയിങ്കലേക്കാകുന്നു” സങ്കീ. 25:15. അപ്പോഴാണ് ശത്രു വിരിച്ചിരിക്കുന്ന വലയിൽ നിന്നും കർത്താവ് നമ്മുടെ കാലുകളെ വിടുവിക്കുന്നത്. ദൈവത്തിൽ നിന്നും അകന്നുപോകുമ്പോൾ അതിന്റെ തിക്താനുഭവങ്ങൾ, പരാജയങ്ങൾ എത്ര ഭയങ്കരം!

നമുക്ക് നമ്മുടെ ജീവിതത്തെ ഒന്ന് അപഗ്രഥിക്കാം. രൂത്ത് നൊവൊമിയോടും അവളുടെ ദൈവത്തോടും പറ്റിച്ചേർന്നു, ഉറച്ച തീരുമാനങ്ങൾ എടുത്ത് ജീവിതം ധന്യമാക്കിയതുപോലെ നമുക്കും നമ്മുടെ കർത്താവിനോടു പറ്റിച്ചേർന്നു, ദൈവസാന്നിദ്ധ്യം വിട്ടു മാറാതെ ജയജീവിതം നയിക്കാം രൂത്ത് 1:16,17. നമ്മുടെ ക്രിസ്തീയജീവിതം ധന്യമാക്കുവാൻ, ജയജീവിതം നയിക്കുവാൻ, ദൈവസാന്നിദ്ധ്യത്തിന്റെ മഹത്ത്വം മനസ്സിലാക്കി ജീവിക്കുവാൻ വലിയവനും മഹാകൃപാലുവുമായ ദൈവം നമ്മെയും സഹായിക്കട്ടെ. അവന്റെ ധന്യതിരുനാമം വാഴ്ത്തപ്പെടുമാറാകട്ടെ. ആമേൻ. ❑

# വ്യർത്ഥമായ ടിക്കറ്റുകൾ

ജോർജ് ജോൺ തിരുവനന്തപുരം



**തീ**വണ്ടി, ബസ്, വിമാനം മുതലായ വാഹനങ്ങളിൽ സഞ്ചരിക്കാൻ ഒരുങ്ങുന്നവർ യാത്രയ്ക്കുള്ള ടിക്കറ്റുകൾ (യാത്രാരേഖകൾ) അത്യന്താപേക്ഷിതമായി എടുത്തിരിക്കേണ്ട താണ്. യാത്ര ആരംഭിക്കുന്ന സ്ഥലം, സമയം, യാത്ര അവസാനിക്കുന്ന സ്ഥലം, യാത്ര ചെയ്യുന്ന ആളിന്റെ പേര്, ടിക്കറ്റിന്റെ വില മുതലായ വിവരങ്ങൾ ടിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കും. കൂടാതെ ടിക്കറ്റു തരുന്ന കമ്പനിയുടെയോ സ്ഥാപനത്തിന്റെയോ പേര് ടിക്കറ്റിൽ കാണിച്ചിരിക്കും. ടിക്കറ്റിന്റെ നിലപാടു സൂചിപ്പിക്കുന്ന OK എന്നോ Confirmed എന്നോ കാണിച്ചിട്ടുണ്ടെങ്കിൽ യാത്ര സുനിശ്ചിതമാണെന്ന് ഉറപ്പിക്കാം. മേല്പറഞ്ഞ രീതിയിലുള്ള ടിക്കറ്റ് കരസ്ഥമാക്കണമെങ്കിൽ യാത്ര ആരംഭിക്കുന്നതിന് മണിക്കൂറുകളോ ദിവസങ്ങളോ മുമ്പുതന്നെ ടിക്കറ്റ് എടുത്തിരിക്കേണ്ടതാണ്. വിമാനക്കമ്പനികളിലും റെയിൽവേ ബുക്കിംഗ് ഓഫീസുകളിലും കാത്തുകെട്ടി കിടന്ന് ടിക്കറ്റുകളെടുത്തുകൊണ്ടിരുന്ന കാലം കഴിഞ്ഞുപോയി എന്നുവേണം കരുതാൻ. ഇപ്പോൾ നമുക്ക് ആവശ്യമുള്ള ടിക്കറ്റുകൾ ഒരു ട്രാവൽ ഏജൻസിയിൽകൂടെയോ അല്ലെങ്കിൽ നമ്മുടെ ഓഫീസിലോ ഭവനത്തിലോ ഏർപ്പെടുത്തിയിരിക്കുന്ന ഇന്റർനെറ്റ് സൗകര്യത്തിൽകൂടെയോ നിഷ്പ്രയാസം എടുക്കാൻ സാധിക്കുമെന്നുള്ളത് വളരെ ആശ്വാസകരമാണ്.

എന്നാൽ ചിലപ്പോൾ നാം എടുക്കുന്ന ടിക്കറ്റുകൾ വ്യർത്ഥമായി പരിണമിക്കാറുണ്ട്. ദീർഘയാത്രകൾക്ക് ഒരുങ്ങുന്നവർ വളരെ പ്ലാൻ ചെയ്തായിരിക്കും ടിക്കറ്റുകൾ എടുക്കുന്നത്. അനേക ദിവസങ്ങളിലെ ഒരുക്കങ്ങൾക്കുശേഷം എല്ലാ സന്നാഹങ്ങളുമായി വിമാനത്താവളത്തിലോ റെയിൽവേ സ്റ്റേഷനിലോ എത്തിയെന്നിരിക്കട്ടെ. കാലം പുരോഗമിക്കുന്നതനുസരിച്ച് യാത്രക്കാരുടെ എണ്ണവും യാത്രയുടെ ദുർഘടങ്ങളും വർദ്ധിച്ചുകൊണ്ടേയിരിക്കും. തീവണ്ടികൾ റദ്ദാക്കപ്പെടുന്നതും വഴിതിരിച്ചുവിടുന്നതുമൊക്കെ സാധാരണസംഭവങ്ങളാണ്. വിമാനയാത്രയിലെ അപ്രതീക്ഷിതമാറ്റങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കസ്റ്റംസ്, എമിഗ്രേഷൻ, സെക്യൂരിറ്റി ചെക്ക് എന്നിത്യാദി ദുർഘടങ്ങൾ തരണം ചെയ്തതിനുശേഷം സുദീർഘമായ ഒരു കാത്തിരിപ്പുണ്ട്. വല്ല വി. ഐ. പി.യും വരാനുണ്ടെങ്കിൽ കാത്തിരിപ്പ് അനന്തമായി നീളും. അനേകമണിക്കൂറുകളിലെ കാത്തിരിപ്പിനുശേഷം ചിലപ്പോൾ ഒച്ചയടഞ്ഞ സ്വരത്തിൽ ഒരു അനൗൺസ്മെന്റ് കേൾക്കാം "യാത്രക്കാരുടെ ശ്രദ്ധയ്ക്ക് ഫ്ളൈറ്റ് നമ്പർ (ഇന്നത്) ചില സാങ്കേതിക കാരണങ്ങളാൽ ഇന്നു പുറപ്പെടുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് (ഇന്ന) കൗണ്ടറിൽ ബന്ധപ്പെടുക."

ചിലപ്പോൾ ടിക്കറ്റുമായി കൗണ്ടറിലെത്തി "ചെക്ക് ഇൻ" ചെയ്യാൻ ശ്രമിക്കുമ്പോഴായിരിക്കും അറിയുന്നത് നിങ്ങളുടെ ടിക്കറ്റ് "ഇൻവാലിഡ്" ആണെന്നുള്ള വിവരം. ഒന്നുകിൽ തെറ്റായ വിവരങ്ങളായിരിക്കും ടിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്, അല്ലെങ്കിൽ ഒരു വ്യാജ ഏജൻസിയിൽ നിന്നായിരിക്കും നിങ്ങൾ ടിക്കറ്റ് എടുത്തിരിക്കുന്നത്. ഇതൊന്നുമല്ലെങ്കിൽ നിങ്ങളുടെ വിസാ ശരിയല്ലായിരിക്കാം. കാരണം എന്തുതന്നെ ആയിരുന്നാലും നിങ്ങൾ ആറ്റുനോറ്റു കാത്തിരുന്ന വിദേശയാത്ര ആരംഭിക്കാൻപോലും സാധിച്ചില്ലെന്നുവരാം.

സാമാന്യം വിദ്യാഭ്യാസവും യാത്രാപരിചയമുള്ള ഒരാൾക്ക് തീവണ്ടിയാത്രയിൽ ഉണ്ടായ ഒരനുഭവം പറയട്ടെ. ഒരു മധ്യവേനൽ അവധികാലത്ത് തിരുവനന്തപുരത്തുനിന്നും ഏപ്രിൽമാസം 10-ാം തീയതി കാട്പാടി (വെല്ലൂർ) യിലേക്കും 11-ാം തീയതി രാത്രി കാട്പാടിയിൽ നിന്നും ബാംഗ്ലൂരിലേക്കുമുള്ള രണ്ടു ടിക്കറ്റുകൾ ഒരേ റിസർവേഷൻ കൗണ്ടറിൽ നിന്നും ബുക്കു ചെയ്തു. 10-ാം തീയതി യാത്ര ആരംഭിച്ച് 11-ാം തീയതി പുലർച്ചയ്ക്ക് കാട്പാടിയിലെത്തിച്ചേർന്നു. അന്നുരാത്രി 12 മണിക്കുശേഷം ബാംഗ്ലൂരിലേക്കു പോകുന്നതിനായി കാട്പാടി സ്റ്റേഷനിൽ നിന്നും തീവണ്ടികയറാൻ ചെന്നപ്പോൾ പറയുന്നു " ഈ ടിക്കറ്റ് വാലിഡ് അല്ല, ഇത് ഇന്നലത്തെ ട്രെയിനിനുള്ളതാണ്" എന്ന്. ആദ്യം തർക്കിച്ചെങ്കിലും പിന്നീട് കാര്യം മനസ്സിലായി. ചെന്നൈയിൽ നിന്ന് രാത്രി 10 മണിക്ക് പുറപ്പെടുന്ന ട്രെയിൻ കാട്പാടിയിലെത്തുമ്പോൾ 12 മണി കഴിഞ്ഞിരിക്കും എന്നുള്ളതിനാൽ പിറ്റേദിവസത്തെ ട്രെയിനായി കണക്കാക്കപ്പെടും. ഇക്കാരണത്താൽ 11-ാം തീയതിയിലെ ട്രെയിനിനുള്ള ടിക്കറ്റ് ഇൻവാലിഡ് ആയിത്തീർന്നു. നോക്കണേ, ഒരു ബുക്കിംഗ് ക്ലാർക്കിന്റെ പരിചയക്കുറവും യാത്രക്കാരന്റെ അജ്ഞതയും നിമിത്തം ഉണ്ടായ അനർത്ഥം! മുൻകൂർ പണം കൊടുത്തെടുത്ത് ഭദ്രമായി സൂക്ഷിച്ചുവച്ചിരുന്നത് കേവലം വ്യർത്ഥമായ ടിക്കറ്റ് ആണെന്നു മനസ്സിലാക്കാൻ സാധിച്ചത് അപ്പോൾ മാത്രമാണ്.

മരണാനന്തരജീവിതത്തെക്കുറിച്ച് വ്യത്യസ്തമായ പല അഭിപ്രായങ്ങളും ആശയങ്ങളും നിലവിലുണ്ട്. അനേകം അഭ്യസ്തവിദ്യരും പണ്ഡിതശ്രേഷ്ഠന്മാരും ചിന്തകരും തത്ത്വജ്ഞാനികളും ചിന്തിക്കുന്നത് ഇഹലോകജീവിതത്തിനപ്പുറമായി ഒരു ലോകമോ ഒരു ജീവിതമോ ഇല്ലെന്നാണ്. എന്നാൽ മനുഷ്യജീവിതം മരണത്തോടുകൂടി അവസാനിക്കുന്നില്ലെന്നും "നിത്യത" എന്നൊന്ന് ഉണ്ടെന്നും വിശ്വസിക്കുന്ന ധാരാളം ആളുകൾ ഈ ലോകത്തിലുണ്ട്. നിത്യസന്തോഷത്തിന്റേതായ നിത്യതയെ "സ്വർഗ്ഗം" എന്നും നിത്യദുഃഖത്തിന്റേതായ നിത്യതയെ "നരകം" എന്നും വിളിക്കുന്നു. മനുഷ്യൻ ഭൂമിയിൽ ജീവിക്കുമ്പോൾ ചെയ്യുന്ന പ്രവൃത്തികളെ ആസ്പദമാക്കിയാണ് സ്വർഗ്ഗത്തിലേക്കോ നരകത്തിലേക്കോ ഉള്ള പ്രവേശന യോഗ്യത തീരുമാനിക്കപ്പെടുന്നതെന്നു വിശ്വസിക്കുന്നവർ അനേകരാണ്. ധാരാളം നന്മപ്രവൃത്തികൾ ചെയ്തുകൊണ്ട് ജീവിച്ചാൽ സ്വർഗ്ഗരാജ്യത്തേക്കുള്ള ടിക്കറ്റ് സുനിശ്ചിതമാണെന്ന് അവർ കരുതുന്നു.

എന്നാൽ വിശുദ്ധ വേദപുസ്തകം എന്താണ് പഠിപ്പിക്കുന്നത് എന്നു നോക്കുക. "യേശു അവനോട്: ഞാൻ തന്നേ വഴിയും സത്യവും ജീവനുമാകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ (സ്വർഗ്ഗത്തിൽ) എത്തുന്നില്ല" (യോഹ. 14:6). കർത്താവായ യേശു തന്റെ ശിഷ്യന്മാരിലൊരുവനായ തോമസ് അപ്പൊസ്തലനോട് പറഞ്ഞ വാക്കുകളാണിവ.

പാപികളായ മനുഷ്യവർഗ്ഗത്തിന്റെ ഉദ്ധാരണത്തിനുവേണ്ടി ദൈവം തുറന്നിരിക്കുന്ന ഒരേ ഒരു മാർഗ്ഗം കർത്താവായ യേശുക്രിസ്തുവിൽ കൂടിയാണെന്നു വിശ്വസിക്കുന്നവർക്കുവേണ്ടി ദൈവം ഒരുക്കിയിരിക്കുന്ന നിത്യരക്ഷയ്ക്ക് അവകാശികളായിത്തീരണമെങ്കിൽ പുണ്യവാളന്മാരോടുള്ള പ്രാർത്ഥന, നോമ്പ് ആചരണങ്ങൾ മുതലായ വ്യർത്ഥമായ അനുഷ്ഠാനങ്ങൾ ഉപേക്ഷിക്കയും കർത്താവായ യേശു നമ്മുടെ പാപപരിഹാരാർത്ഥം കാൽവറിയിലെ ക്രൂശിൽ ഒരിക്കൽ മരിക്കയും എന്നാൽ മരണത്തെയും പാതാളത്തെയും കീഴ്പെടുത്തിക്കൊണ്ട് വിജയശ്രീലാളിതനായി ഉയിർത്തെഴുന്നേറ്റ് പിതാവിന്റെ തിരുസന്നിധിയിൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്തുകൊണ്ട് നില്ക്കുന്നു എന്ന് വിശ്വസിക്കയും ചെയ്യുക. ആ കർത്താവിനു നമ്മെത്തന്നെ പൂർണ്ണമായി വിധേയരാക്കുകയും നമ്മുടെ സർവ്വ ആശ്രയവും കർത്താവിൽ സമർപ്പിക്കയും ചെയ്യാം. വ്യർത്ഥമായ എല്ലാ മാർഗ്ഗങ്ങളെയും ഉപേക്ഷിക്കുക. അവ വ്യർത്ഥമായ ടിക്കറ്റുകൾപോലെ നമ്മെ ഒടുവിൽ ലജ്ജിതരാക്കുവാൻ മാത്രമേ ഉപകരിക്കുകയുള്ളൂ. ❑

# "For Thou Art With Me"

**Chris Anchan, Boston, U.S.A.**



**2020** has been a historic year for many of the wrong reasons. COVID-19 spread to every nation, initiating a global pandemic and widespread societal quarantine. Businesses and schools have shut down, and pre-existing socio-economic issues, like poverty and homelessness, have become even more pronounced in these times of isolation. Despite the efforts of health professionals, over 9,00,000 people have died from the virus globally. In the United States, downturns in the economy have raised unemployment to a level rivalling that of the Great Depression. In the midst of these health and economic crises, political tensions between nations and within nations have created a society that is racially, politically, and internationally divided. Nothing seems certain. Some fear the next bill, the health of a loved one, or an inability to provide the next meal. Others face anxiety over fragile familial situations. This slew of crises compounded with forced isolation makes it easy to be overwhelmed with anxiety and loneliness.

Yet, during this seemingly hopeless time when government and our own personal efforts and plans fail, we can find hope and comfort through Jesus's presence and his sovereignty. Often, our daily struggles seem even more insurmountable when everything around us is darker which is part of the reason loneliness seems especially inescapable in this newly divided world. Individuals and families are physically and sometimes, emotionally, separated from each other, and the feeling of isolation and lack of support compounds the suffering caused by COVID. Thus, it's important to remember that we are actually not alone. In Psalms 139, we are reminded that God sees each of us where we are and has not forsaken us: "Where can I go from your Spirit, Where can I flee from your presence?" The answer is nowhere. In Isaiah 41, we are reminded that God will "uphold" us and "strengthen" us, and because of His faithfulness, we do not need to fear. Understanding that the God who created the universe holds us and is invested in our individual lives should be comforting. Many people in the Bible, like Joseph or Paul or David, went through times of also physical isolation, and their stories are encouraging: Joseph was betrayed by his brothers and thrown in prison and slavery; Paul was imprisoned numerous times during his missionary work; and David was thrown out of his own kingdom by his son. Yet, in their isolation, they remained faithful, God did not forsake them. He promises that He will not forsake us either. God doesn't promise a life without worries or suffering, but He will comfort us through those worries, holding us in the palm of His hand.

God's comfort is not just a supportive presence; He also addresses our physical

needs: protection, food, and shelter. While teaching his disciples, Jesus explains that if God provides for the birds and flowers, he will provide even more to those who seek His will. He concludes, "do not worry about your life, what you will eat; or about your body, what you will wear." This is a tall order to not worry about our lives, especially in a world where we are pushed to be masters of our fates. COVID has ripped away many of the physical things we normally have. Predictions for the future are speculative at best: businesses may go under; people may get sick; or politics may shift. When everything is shifting and confusing, we can stand securely in God's hand. God is faithful to His people. When the Israelites wandered in the desert, God provided just enough manna for food for the day, teaching the people daily reliance on Him. He is faithful to provide for the day, and promises to do so if we seek Him. God is a constant in amongst our variables.

If nothing, 2020 has revealed how powerless we really are and can illuminate how sovereign God is. Our plans have been put on hold, and all of life, from rich to poor, has been unable to escape the effects of this pandemic. But despite our powerlessness, God is powerful, in control and promises to be with us if we seek Him. And in a year filled with hopelessness, the faithfulness of this God, who "hems us in behind and before," providing for our spiritual, emotional and physical needs, is something that we can hope in. ❑

(Chris Anchan is a teenager who lives with his parents in Boston, USA)

---

*13-ാം പേജിൽ നിന്നും തുടർച്ച (മക്കൾ അമൂല്യനിധി)*

തുടങ്ങി. കടുപ്പക്കാരൻ തകരുവാൻ തുടങ്ങി. കരഞ്ഞിട്ടില്ലാത്തവൻ എല്ലാവരും ഉറങ്ങിക്കഴിയുമ്പോൾ കരയുവാൻ തുടങ്ങി. ഭക്ഷണത്തോടും വിരക്തി. ജീവിതത്തോട് ആകെ വിരസത. ആൾക്കൂട്ടത്തിലും ഏകാന്തത. ചുരുക്കിപ്പറഞ്ഞാൽ മയക്കുമരുന്ന് കഴിച്ച് ഹിപ്പിമാതിരിയായി ആൾ. അങ്ങനെ കഴിയുമ്പോഴാണ് ഞങ്ങളുടെ ഒരു ചാപ്ലയിൻ സന്ദർശനത്തിനായി ആ ജയിലിലെത്തുന്നത്. പോൾ എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. ജോയി തന്റെ ജീവിതത്തിന്റെ പേജുകൾ മുഴുവനും ചാപ്ലയിനെ വായിച്ചുകേൾപ്പിച്ചു. നഷ്ടപ്പെട്ട 35 വർഷങ്ങളെക്കുറിച്ച് അവൻ കരയുന്നുണ്ടായിരുന്നു. പോൾ തന്റെ തോളിൽ കൈകൾ ഇട്ടുകൊണ്ട് ആശ്വസിപ്പിക്കുവാനും ധൈര്യപ്പെടുത്തുവാനും ഉള്ള വാക്കുകൾ പറഞ്ഞു.

ഒരു പുതുജീവിതം അവിടെ രൂപപ്പെടുകയായിരുന്നു. അനുതാപത്തിന്റെ വിത്തുകൾ കണ്ണുനീരിൽ കുതിർന്ന് മുളയ്ക്കുവാൻ തുടങ്ങി. അപ്പനെയും അപ്പന്റെ വീടിനെക്കുറിച്ചും ജോയി ഓർത്തു. അമ്മയുടെ മുഖം കാണുവാൻ കൊതിച്ചു. 6 മാസംകൂടി ജോയി ശിക്ഷ അനുഭവിക്കേണ്ടിയിരുന്നു. പോൾ സാറ് കൊടുത്ത വേദപുസ്തകം വായിക്കുവാൻ തുടങ്ങി. "അദ്ധ്വാനിക്കുവാൻ മനസ്സില്ലാത്തവൻ തിന്നുകയുമരുത്." എന്ന വാക്യം ജോയി പ്രമാണമായി എടുത്തു. ജയിലിൽ നിന്നിറങ്ങിയ ഉടനെ പോൾ സാറിനെ കണ്ടു. ആട്ടോ മൊബൈൽ വർക്കുഷോപ്പിൽ ഒരു അപ്രന്റീസായി ചേർന്നു പഠിച്ചു. ഇന്ന് പൂനെയിലെ ഒരു പ്രസിദ്ധ ഗാരേജിലെ ഫോർമാനാണ് ജോയി. യുവജനസഖ്യത്തിന്റെ സെക്രട്ടറിയാണ്. സന്തോഷമുള്ള കുടുംബമായി അവൻ കഴിയുന്നു. ഭാര്യ മോളി, ഒരു വയസ്സുള്ള കുട്ടിയുമുണ്ട്.

പ്രായമുള്ളവരെ കണ്ടാൽ ഫോർമാൻ ജോയി ഒരു ചോദ്യം ചോദിക്കും: "മക്കളുണ്ടോ?" ഉണ്ടെന്നു പറഞ്ഞാൽ, ചെറുപ്പത്തിലെ അവരെ ജോലി ചെയ്യുവാൻ പഠിപ്പിക്കണം, പ്രോത്സാഹിപ്പിക്കണം, നിർബന്ധിച്ചാണെങ്കിലും പള്ളിയിൽ വിടണം, എന്ന് വിനയത്തോടെ ഉപദേശിക്കും. ❑

# ആഹാബിന്റെ മകൾ

ഡോ. ചാൾസ് ജോൺ, തിരുവനന്തപുരം



"ആഹാബിന്റെ മകൾ അവനു ഭാര്യയായിരുന്നതുകൊണ്ട് അവൻ ആഹാബിന്റെ ഗൃഹം ചെയ്തതുപോലെ ഇസ്രായേൽ രാജാക്കന്മാരുടെ വഴിയിൽ നടന്ന് യഹോവയ്ക്കു അനിഷ്ടമായുള്ളതു ചെയ്തു" (2 രാജാ. 8:18).

ഇസ്രയേൽ രാജാവായിരുന്ന ആഹാബ് തനിക്കു മുമ്പുണ്ടായിരുന്ന എല്ലാവരെക്കാളും അധികം യഹോവയ്ക്കു അനിഷ്ടമായുള്ളതു ചെയ്തു. തനിക്കു മുമ്പുണ്ടായിരുന്ന രാജാക്കന്മാർ യഹോവയ്ക്കു അനിഷ്ടമാകുന്ന രീതിയിൽ പ്രവർത്തിച്ചതു കുറഞ്ഞുപോയി എന്ന മട്ടിൽ ആഹാബ് സീദോന്യരാജാവായ എത്ത്-ബാലിന്റെ മകളായ ഈസേബെലിനെ ഭാര്യയാക്കുകയും അവളുടെ ദൈവമായ ബാലിന്റെ ആരാധന ഇസ്രയേലിൽ പ്രചരിപ്പിക്കയും ചെയ്ത് ഇസ്രയേലിന്റെ ദൈവമായ യഹോവയെ കോപിപ്പിക്കത്തക്ക വണ്ണം തനിക്കു മുമ്പുണ്ടായിരുന്ന എല്ലാ ഇസ്രയേൽ രാജാക്കന്മാരെക്കാളും അധികം ദോഷം പ്രവർത്തിച്ചു. അവരുടെ ഭരണകാലത്ത് ഇസ്രയേൽ മക്കൾ സത്യദൈവത്തെ ഉപേക്ഷിക്കയും യാഗപീഠങ്ങളെ ഇടിച്ചു നിരത്തുകയും ദൈവത്തിന്റെ പ്രവാചകന്മാരെ വാൾകൊണ്ടു കൊന്നുകളയുകയും ചെയ്തു. വൈകൃത കാമലീലകളുടെയും മ്ലേച്ഛകരമായ അംഗീകൃത വേശ്യാവൃത്തിയുടെയും ആദ്യജാതനായ ശിശുവിന്റെ ഹോമബലിയുടെയും സമ്മിശ്ര സമ്മേളനമായിരുന്നു ബാൽവിഗ്രഹാരാധന. ആ മാതാപിതാക്കന്മാരുടെ സന്തതിയായിരുന്നു അഥല്യാ. ഒന്ന് ഓർക്കുക. അവൾ ഇസ്രയേൽ രാജാവായിരുന്ന ആഹാബിന്റെ മകളാണ്. അവളെ വിവാഹം കഴിക്കുന്നതാകട്ടെ യഹൂദാ രാജാവായ യെഹോശാഫാത്തിന്റെ മകൻ യെഹോരാമും. അവൻ തന്റെ അപ്പനായ യെഹോശാഫാത്തിന്റെയും ഇതര യഹൂദ രാജാക്കന്മാരുടെയും വഴിയിൽ അല്ല നടന്നത്. പ്രത്യുത, ഇസ്രയേൽ രാജാവായ ആഹാബിന്റെ മകൾ അവന്റെ ഭാര്യയായിരുന്നതുകൊണ്ട് ആ ഭാര്യയുടെ പിതാവിന്റെയും പിതാമഹന്റെയും ഇതര ഇസ്രയേൽ രാജാക്കന്മാരുടെയും അപഥ സഞ്ചാരപാതയിൽ അവനും നടന്ന് യഹോവയ്ക്കു അനിഷ്ടമായുള്ളതു പ്രവർത്തിച്ചു.

ഒരുപക്ഷേ തന്റെ സാമ്രാജ്യശക്തി അരക്കിട്ടുറപ്പിക്കുന്നതിനായിരിക്കാം യെഹോരാം അതിരുകൾ ലംഘിച്ച് നിഷ്ഠുരരും നികൃഷ്ടരും ആയ മാതാപിതാക്കളുടെ മകളായ അഥല്യയെ വിവാഹം ചെയ്തത്.

യെഹോരാമിന്റെ അപ്പനായ യെഹോശാഫാത്തിനെക്കുറിച്ച് പരാമർശം ഇവിടെ അനിവാര്യമാണ്. അവൻ ഇസ്രായേലിനു എതിരെ പ്രബലൻ ആയിരുന്നു. അവന്റെ ഹൃദയം യഹോവയുടെ വഴികളിൽ ധൈര്യപ്പെട്ടിട്ട് അവൻ പൂജാഗിരികളെയും അശേരാ പ്രതിഷ്ഠകളെയും യെഹൂദയിൽ നിന്നും നിർമ്മാർജ്ജനം ചെയ്തു. അവൻ തന്റെ അപ്പനായ ആസായുടെ വഴിയിൽ നടന്ന് അതു വിട്ടുമാറാതെ യഹോവയ്ക്കു പ്രസാദമായുള്ളതുചെയ്തു (2 ദിന. 17:3,4). ദൈവത്തിനു ഹിതകരവും പ്രസാദകരവും ആയ ജീവിതവും ഭരണവും കാഴ്ചവച്ച യെഹോശാഫാത്തിന്റെ മകൻ യെഹോരാം ആകട്ടെ, സ്വപിതാവു കാട്ടിക്കൊടുത്ത സത്പാത പിൻതുടരുന്നതിനു പകരം ഭാര്യയായ അഥല്യയുടെ സ്വാധീനത്തിൽ അവളുടെ മാതാപിതാക്കളുടെ ദുർമാർഗ്ഗത്തിലൂടെ മുന്നേറി. ഭാര്യയുടെ ഹിതാനുവർത്തിയായി ഭരിച്ച യെഹോരാം അധികാര കേന്ദ്രീകരണത്തിനായി സ്വസഹോദരന്മാരെ കൊന്നൊടുക്കി.

അവന്റെ അന്ത്യത്തെക്കുറിച്ചു നാം വായിക്കുന്നത് ഇപ്രകാരമാണ്: അവൻ എട്ടു സംവത്സരം യെരുശലേമിൽ വാണു ആർക്കും ഇഷ്ടനാകാതെ കഴിഞ്ഞുപോയി. രാജാക്കന്മാരുടെ കല്ലറകളിൽ മാന്യമായ ഒരു ശവസംസ്കാരം

പോലും ലഭിക്കാതെ പോയി (2 ദിന. 21:20). യെരുശലേം നിവാസികൾ യെഹോരാമിന്റെ മകനായ അഹസ്യാവെ രാജാവാക്കി. ആ വാഴ്ചയ്ക്കു അധികം ദൈർഘ്യം ഉണ്ടായില്ല. ആഹാബുഗൃഹത്തിന്റെ വഴിയിൽ നടന്ന അവന്നു ദുഷ്ടത പ്രവർത്തിക്കുവാൻ ആലോചനക്കാരി അവന്റെ അമ്മയായ അഥല്യയായിരുന്നു. ഒരു വർഷത്തെ ഭരണത്തിനു ശേഷം അവനും കൊല്ലപ്പെട്ടു. മകൻ മരിച്ചുവെന്നു കണ്ട അഥല്യാ യെഹൂദാഗൃഹത്തിലെ രാജസന്തതികളെ ഉന്മൂലനം വരുത്തി അവൾ രാജ്യം ഭരിച്ചു. രാജസന്തതികളിൽ ഒരുവനായ യോവാശിനെ അഹസ്യാവിന്റെ സഹോദരി ദൈവാലയത്തിൽ ഒളിപ്പിച്ചു വളർത്തി എട്ടാം വയസ്സിൽ അവൻ രാജാവായപ്പോൾ അഥല്യ ദാരുണമായി കൊല്ലപ്പെട്ടു.

ഇസ്രയേലിന്റെ ചരിത്രത്തിലെ അഭിശപ്തയായ രാജ്ഞിയെന്നു വിശേഷിപ്പിക്കാവുന്ന ഈസേബെലിന്റെ പുത്രിയായിരുന്നു അഥല്യ. അവളുടെ പില്ക്കാലജീവിതവും പ്രവർത്തനവും 'യഥാമാതാതഥാപുത്രി' എന്ന പഴഞ്ചൊല്ല് അന്വർത്ഥമാക്കുന്ന രീതിയിലായിരുന്നു.

ഇസ്രയേൽ ചരിത്രംതന്നെ തിരുത്തി എഴുതപ്പെട്ടത് ആഹാബുരാജാവ് ദൈവ കല്പന കാറ്റിൽ പറത്തിക്കൊണ്ട് ബാൽ ആരാധകനായ സീദോൻ രാജാവ് എത്ത്ബാലിന്റെ മകളുമായുള്ള വിവാഹബന്ധത്തിൽ ഏർപ്പെട്ടതുകൊണ്ടാണ്. ദൈവകല്പന ലംഘിച്ച് ഇണയല്ലാപ്പിണ കൂടുന്ന ഏവർക്കും ശക്തമായ ഒരു മുന്നറിയിപ്പാണ് ആഹാബിന്റെ മകൾ നല്കുന്നത്. ഇണയല്ലാപ്പിണ (unequally yoked) എന്ന ആശയം ആവർത്തന പുസ്തകം 22:10 ന്റെ അടിസ്ഥാനത്തിൽ വിശദീകരിക്കാൻ ഉദ്യമിക്കട്ടെ. അവിടെ നാം വായിക്കുന്നത്, കാളയെയും കഴുതയെയും ഒന്നിച്ചു പൂട്ടി ഉഴരുത് എന്നാണ്. ആധുനികകാലത്ത് നില മുഴുന്നത് യന്ത്ര സഹായത്താൽ ആയതുകൊണ്ട് ഇന്നത്തെ തലമുറയ്ക്കു ഒരുപക്ഷേ അപരിചിതമായ ഒരു ഉദാഹരണം ആണതെന്നു സംശയിക്കുന്നു. നിലം ഉഴുന്നതിനു ഉപയോഗിക്കുന്ന കലപ്പയെ നയിക്കുന്നത് ഒരേവർഗ്ഗത്തിൽപ്പെട്ട രണ്ടുമൃഗങ്ങളെ ഒരു നുകത്തിൻകീഴിൽ ബന്ധിച്ചാണ്. പുതിയ നിയമത്തിൽ നമ്മുടെ കർത്താവിന്റെ പരസ്യ ശുശ്രൂഷാവേളയിൽ നുകത്തെ പരാമർശിക്കുന്നത് മത്തായിസുവിശേഷം 11:28 ൽ കാണാവുന്നതാണ്.

യഹൂദനെ സംബന്ധിച്ചിടത്തോളം കാള ശുദ്ധിയുള്ള മൃഗവും കഴുത അശുദ്ധമൃഗവും ആയിരുന്നു. അങ്ങനെയെങ്കിൽ ശുദ്ധിയുള്ള മൃഗത്തെയും ശുദ്ധിയില്ലാത്ത മൃഗത്തെയും ഒരേ നുകത്തിൻ കീഴിൽ ബന്ധിക്കാൻ പാടില്ല. അവ വ്യത്യസ്തസ്വഭാവക്കാരായതുകൊണ്ട് ഐകമത്യത്തോടെ ഒന്നിച്ചു പ്രവർത്തിക്കയും ഇല്ല. ഒരു നുകത്തിൻ കീഴുള്ളവർക്കു അഭിപ്രായൈക്യമില്ലെങ്കിൽ അവർ വ്യത്യസ്ത ദിശകളിലേക്കായിരിക്കും പോകുന്നത്.

അപ്പൊസ്തലനായ പൗലൊസ് വിശ്വാസികളെയും അവിശ്വാസികളെയും ഏതാണ്ട് മേല്പറഞ്ഞ രീതിയിലാണു വരച്ചു കാണിക്കുന്നത്. ഒരു വിശ്വാസിയെ ദൈവം വിശുദ്ധനായി പ്രഖ്യാപിക്കുമ്പോൾ അവിശ്വാസി ദൈവികദൃഷ്ടിയിൽ അശുദ്ധനാണ്. കർത്താവായ യേശുക്രിസ്തുവിനെ സ്വന്തരക്ഷകനും കർത്താവുമായി സ്വീകരിച്ച എല്ലാവരെയും ദൈവം വിശുദ്ധൻ എന്നാണു വിളിക്കുന്നത്. ഒരു സഭയ്ക്കോ സഭാനേതൃത്വത്തിനോ ആരെയും വിശുദ്ധൻ എന്നു പ്രഖ്യാപിക്കുവാൻ അധികാരമില്ല, അവകാശവും ഇല്ല. രക്ഷിക്കപ്പെട്ട ഒരു ദൈവപൈതൽ രക്ഷിക്കപ്പെടാത്ത ഒരു വ്യക്തിയെ വിവാഹംചെയ്യുകയാണെങ്കിൽ വേദപുസ്തകഭാഷയിൽ ആ വിവാഹം ഒരു ഇണയല്ലാപ്പിണ ആയിരിക്കും. അത്തരം ബന്ധങ്ങൾ വിജയകരമായി മുമ്പോട്ടു കൊണ്ടു പോകുക അസാദ്ധ്യമാണ്.

അവിശ്വാസിയെ നമ്മുടെ വിശ്വാസത്തിലേക്കു നേടാനാണ് ഞാൻ അവിശ്വാസിയെ വിവാഹം ചെയ്യുന്നത് എന്ന ന്യായീകരണത്തിനു യാതൊരു സാധുതയുമില്ല. മാത്രവുമല്ല, അവിശ്വാസിയുടെ വിശ്വാസത്തിലേക്കു (അവിശ്വാസത്തിലേക്കു) ആ വിശ്വാസി ക്രമാനുഗതമായി വഴുതി വീഴുമെന്നുള്ളത് അവിതർക്കിതമാണ്. ഒരാളോടു നിങ്ങളുടെ വിശ്വാസം എന്താണെന്നു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്, ഞങ്ങളുടെ സഭയുടെ വിശ്വാസമാണ് എന്റെ വിശ്വാസം എന്നാണ്. അടുത്ത ചോദ്യം നിങ്ങളുടെ സഭയുടെ വിശ്വാസം എന്താണ് എന്നായിരുന്നു. അതിനു കിട്ടിയ മറുപടി, എന്റെ വിശ്വാസമാണ് എന്റെ സഭയുടെയും വിശ്വാസം. അതാണ് അവിശ്വാസിയുടെ വിശ്വാസം!

ആഹാബ് ശക്തനായ രാജാവായി രുന്നിട്ടു പോലും ഈസേബെലിനെയോ, യെഹോരാം രാജാവു അഥല്യയെയോ ബാൽ വിഗ്രഹാരാധ

നയിൽ നിന്നും സത്യദൈവാരാധനയിലേക്കു നയിച്ചതായി കാണുന്നില്ല. പ്രത്യുത, യഹോവയെ ആരാധിക്കുവാൻ ബാധ്യസ്ഥരായ ഒരു രാഷ്ട്രത്തെ ത്തന്നെ നികൃഷ്ടമായ ബാൽവിഗ്രഹാരാധികളാക്കി മാറ്റുവാൻ ഈസേബെലിനും അഥല്യയ്ക്കും കഴിഞ്ഞു. അത്തരത്തിലുള്ള മിശ്രവിവാഹങ്ങളുടെ ദൂരവ്യാപകമായ ദോഷഫലങ്ങളിലേക്കാണു മേല്പറഞ്ഞ വസ്തുതകൾ വിരൽ ചൂണ്ടുന്നത്. ഭാര്യയുടെ ചൊല്പടിയിൽ നിന്ന് കൊലപാതക പ്രതിയായ വിശ്വാസിയെക്കുറിച്ചും ചിലനാളു കൾക്കുമുമ്പ് കേൾക്കാനിടയായി. ഭാര്യമാർക്കു ഭർത്താക്കന്മാരുടെ സ്വഭാവത്തെയും പ്രവർത്തന ശൈലിയെയും ഗണ്യമായി സ്വാധീനിക്കുവാൻ സാധിക്കും. അതു ഉറപ്പാണ്.

അതുകൊണ്ട്, ആത്മികമായി നമ്മെ പിന്നോട്ടു വലിക്കുവാൻ സാധ്യതയുള്ള വിവാഹ ബന്ധങ്ങൾ ഒഴിവാക്കേണ്ടത് തലമുറകളുടെ നില നില്പിനും കെട്ടുറപ്പിനും വിശുദ്ധന്മാർക്കു ഒരിക്കലായി ഭരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിന്റെ സംരക്ഷണത്തിനും അനിവാര്യമാണ്. മാതാപിതാ ക്കളെ കണ്ടാണു മക്കൾ വളർന്നു വരുന്നതെന്ന യാഥാർത്ഥ്യവും നാം വിസ്മരിച്ചുകൂടാ. കഴിഞ്ഞ യിടയ്ക്കു വളരെ ജനശ്രദ്ധയാകർഷിച്ച ഒരുകേസിൽ ഉൾപ്പെട്ട യുവതി അന്വേഷണവേളയിൽ വെളിപ്പെടു ത്തിയ വസ്തുത നമ്മെ ഞെട്ടിപ്പിക്കുന്ന ഒന്നാ യിരുന്നു. അവളുടെ മാതാവും അവൾ പിടിക്കപ്പെട്ട അതേകുറ്റത്തിനു മുമ്പ് പിടിക്കപ്പെട്ടിട്ടുണ്ടെന്നാ യിരുന്നു അവൾ വെളിപ്പെടുത്തിയത്. യഥാ മാതാ, തഥാപുത്രി! നമ്മുടെ മക്കൾ മാതാപിതാക്കളായ നമ്മെയാണു മാതൃകയാക്കുന്നതെന്നും നമ്മുടെ സ്വഭാവവൈശിഷ്ട്യങ്ങളും സ്വഭാവവൈകൃതങ്ങളും ഒരുപോലെ പകർത്തുമെന്നുള്ളതിനും രണ്ടു പക്ഷമില്ല.

പ്രിയരേ, ദൈവവചനം വായിച്ചു തള്ളാ നുള്ള വർത്തമാനപ്പത്രമല്ല. ഏകാഗ്രചിത്തരായി, വായിക്കുന്നത് ഹൃദയത്തിൽ സംഗ്രഹിക്കണം. സംഗ്രഹിച്ച ദൈവവചനങ്ങൾക്കനുസൃതമായി ജീവിതങ്ങളെ ക്രമപ്പെടുത്തണം. വിശ്വാസികളായ മാതാപിതാക്കന്മാർ തങ്ങളുടെ മക്കളുടെ വിവാഹാ ലോചനാവേളകളിൽ സജീവ പരിഗണനയ്ക്കു അവധാനപൂർവം വിധേയമാക്കേണ്ട ഒരു വിഷയ മാണു നാമിവിടെ വിശകലനം ചെയ്യുന്നത്. മക്ക ൾക്കു ചെറുപ്രായത്തിൽത്തന്നെ രക്ഷാമാർഗ്ഗമുപ ദേശിച്ചുകൊടുത്ത് അവരെ കർത്താവിന്റെ വഴിയിൽ വളർത്തണം. ആ ഉത്തരവാദിത്തം മാതാപിതാക്കളി ലാണു നിക്ഷിപ്തമായിരിക്കുന്നത്. ഒന്നാമത്, യോഹന്നാൻ അപ്പൊസ്തലൻ പറഞ്ഞിരിക്കുന്നതു പോലെ, മാതാപിതാക്കൾ സത്യത്തിൽ നടക്കുന്നവർ ആയിരിക്കണം. എന്റെ മക്കൾ സത്യത്തിൽ നടക്കുന്നു എന്നു കേൾക്കുന്നതിനെക്കാൾ വലിയ സന്തോഷം എനിക്കില്ല (3യോഹ.4).

മാതാപിതാക്കന്മാർ, സ്വന്തം കുഞ്ഞുങ്ങൾ ദൈവവഴിയിൽ വളർത്തപ്പെടേണ്ട ഉത്തരവാദിത്തം മറ്റാരുടെയും ചുമലിൽ കെട്ടിവയ്ക്കരുത്. രക്ഷി ക്കപ്പെട്ടവർ തമ്മിലേ വിവാഹബന്ധത്തിൽ ഏർ പ്പെടാവു എന്ന് നിഷ്കർഷിക്കണം. പലപ്പോഴും നാം ഭൗതിക കാര്യങ്ങൾക്കാണു മുൻതൂക്കം നല്കുക. അതു ഭാവിയിൽ നമ്മെ വലിയദുരന്തത്തി ലേക്കു നയിക്കുമെന്ന മുന്നറിയിപ്പു നല്കട്ടെ. ഇണയല്ലാപ്പിണ ദൈവികവ്യവസ്ഥയല്ലെന്നു നാം മനസ്സിലാക്കേണ്ടതാണ്. ആഹാബിന്റെ വഴിയെ അനുഗമിച്ചവരുടെ അന്ത്യം അതി ദാരുണമായിരുന്നു എന്നു നാം കാണുകയുണ്ടായി. ഈ കൊവിഡ് കാലത്ത് ലക്ഷക്കണക്കിനാളുകളുടെ ജീവനാണ് ഒരു അതിസൂക്ഷ്മ വൈറസു അപഹരിച്ചത്. വചനാനുസൃതമായി ജീവിക്കുവാൻ ദൈവം നമു ക്കൊരു അവസരം കൂടി നല്കിയിരിക്കയാണ്. നാം മുറുകെപ്പിടിക്കുന്ന മൂല്യങ്ങളെ ഒന്നു പുനഃപരി ശോധനചെയ്യാം. മൂല്യശോഷണം സംഭവിച്ചവയെ ഉപേക്ഷിക്കാം. ദൈവവചനാനുസൃതമായ മൂല്യ ങ്ങൾക്കു മുൻതൂക്കം നല്കി, ജീവിതത്തെ പുനഃപ്രതിഷ്ഠിച്ചു ഒരു പുതിയ തുടക്കം ആരം ഭിക്കാം. ലക്ഷങ്ങൾ അപമൃത്യുവിനിരയായിട്ടും ദൈവം നമ്മോടു കരുണ കാണിച്ചതിലുള്ള നന്ദി നമുക്കു പ്രകാശിപ്പിക്കാനുള്ള അവസരം നഷ്ട പ്പെടുത്തരുത്.

ഈ കൊവിഡു കാലത്ത് ലക്ഷങ്ങൾക്കു ലഭിക്കാതിരുന്ന ഒരു രണ്ടാമൂഴമാണു നമുക്കു ദൈവം തന്നിരിക്കുന്നതെന്നോർക്കുക. എൻമനമേ യഹോവയെ വാഴ്ത്തുക, എന്റെ സർവ്വാന്തരംഗവുമേ അവന്റെ വിശുദ്ധനാമത്തെ വാഴ്ത്തുക; എൻമനമേ യഹോവയെ വാഴ്ത്തുക, അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത് (സങ്കീ. 103:1,2) നല്കിയിരിക്കുന്ന അവസരം ദൈവത്തെ പ്രസാദിപ്പിച്ചു ജീവിക്കുവാൻ നമുക്കു പ്രതിജ്ഞാബദ്ധരാകാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ. ❑

# അനുസ്മരണം

**മോളിക്കുട്ടിചാക്കോ, പടിയോട്ടുചാൽ, കണ്ണൂർ**



*ഓട്ടംതികച്ചു നാമക്കരെ നാട്ടിൽ*
*ഒട്ടുംകണ്ണുനീരില്ലാത്ത വീട്ടിൽ*
*ഒരു നാളിൽ നാമണഞ്ഞീടുമ്പോൾ*
*ഓടിപ്പോയിടും വിനകളെല്ലാം*

**ദൈവത്തിൽ പ്രത്യാശവെച്ച് നിത്യതയിൽ വിശ്രമിക്കുന്ന ശ്രീമതി അന്നമ്മ ചാൾസ് ജോൺ.**

2018 സെപ്തംബർ മാസം 25-ാം തീയതി കർത്താവിൽ നിദ്ര പ്രാപിച്ച ഞങ്ങളുടെ ആത്മീയ സഹോദരിയെ അനുസ്മരിച്ച് കുടുംബമായി ഈ ആത്മീയബന്ധം പുതുക്കുകയാണ്, ഓർക്കുകയാണ്. സ്വർഗ്ഗത്തിൽ വിശ്രമിക്കുന്ന പ്രിയ സഹോദരിയുടെ കുടുംബത്തിൽ ഉള്ളവരെ എല്ലാവരെയും ഓർത്തു ദിനംതോറും പ്രാർത്ഥിക്കുന്നു. വിശേഷാൽ പ്രിയ സഹോദരൻ ചാൾസ് ജോൺ സാറിനെ ഓർത്തും പ്രവർത്തനത്തെ ഓർത്തും പ്രാർത്ഥിക്കുന്നു. 1995 മുതൽ ഞങ്ങൾക്ക് ഈ പ്രസ്ഥാനവുമായി ബന്ധം ഉണ്ട്. ഞങ്ങളുടെ വീട്ടിലുള്ളവർക്ക് ഞാനുൾപ്പെടെ എല്ലാവർക്കും ഗുഡ്ന്യൂസ് കറസ്പോണ്ടൻസ് കോഴ്സുകൾ പഠിക്കുവാനും ആത്മീയമായി വളരുവാനും സഹായിച്ചു. തുടർന്നുള്ള നാളുകളിൽ ഗുഡ്ന്യൂസ് അപ്ഡേറ്റ് മാസിക അയച്ചുതന്നിരുന്നു. അതുവായിച്ചതിനെ തുടർന്നു ആത്മീയമായി വചനസത്യങ്ങൾ ഗ്രഹിക്കുവാനും കഴിഞ്ഞു. പിന്നീട് സഹോദരിയുടെ ക്രൈസ്തവവനിത എന്ന മാസികയിൽകൂടി സഹോദരിമാർക്കുള്ള ലേഖനം എഴുതി അവരുടെ ആത്മീയവളർച്ചയെ സഹായിക്കയുണ്ടായി. പ്രത്യേകിച്ച് പ്രിയപ്പെട്ട അന്നമ്മ സഹോദരിയുടെ ലേഖനങ്ങളും ഭാവനകളും എന്നെ വളരെയധികം സ്വാധീനിച്ചു. ആത്മികമായി വളരുവാനും, പഠിക്കുവാനും സഹായിച്ചു. ഏതു ദുരുപദേശത്തെയും ഖണ്ഡിക്കുന്ന ഒരു സഹോദരിയായിരുന്നു ശ്രീമതി അന്നമ്മ ജോൺ. എനിക്കു ഒത്തിരിഒത്തിരിയിഷ്ടമുള്ള കാര്യമായിരുന്നു ദുരുപദേശം പഠിപ്പിക്കുന്നവർക്ക് എഴുതിയിരുന്നത്. ദൈവവചനത്തിൽ മായംചേർക്കാതെ പഠിപ്പിക്കുകയും എഴുതുകയും ചെയ്തിരുന്നു. അതിനുള്ള കഴിവ് പ്രിയപ്പെട്ടവൾക്ക് ദൈവം കൊടുത്തു. ദൈവത്തിന്റെ കൃപ ഒന്നു മാത്രമാണ്. ബെരോവക്കാരെപ്പോലെ ദൈവവചനം പരിശോധിച്ച് അത് അങ്ങനെ തന്നെയോ എന്ന് ഞാൻ നോക്കുമായിരുന്നു. എന്നെ ക്രൈസ്തവവനിതയിൽ എഴുതുവാൻ പ്രേരിപ്പിച്ചതും ആത്മികമായി വളരുവാനും സഹായിച്ചത് പ്രിയപ്പെട്ട സഹോദരിയുടെ മാസികയിലെ ഈടുറ്റലേഖനങ്ങളും, ഗുഡ്ന്യൂസ് കറസ്പോണ്ടൻസ് കോഴ്സുകൾ പഠിച്ചതുമൂലമാണ്. പ്രിയ സഹോദരി ഓട്ടംതികച്ച് വിശ്വാസം കാത്ത്, നീതിയുടെ കിരീടം പ്രാപിക്കാൻ നിത്യതയിൽ ആയിരിക്കുന്നു. ഒരു നാളിൽ പ്രതിഫലവുമായി കർത്താവുവരും; അന്ന് ലഭിക്കും. എന്നെ മാനിക്കുന്നവരെ ഞാൻ മാനിക്കും (1ശമുവേൽ 2:30). എന്നാൽ ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭപോലെയും, പലരേയും നീതിയിലേക്കു തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും (ദാനീയേൽ 12:3). നീയോ അവസാനം വരുവോളം പൊയ്ക്കൊൾക. നീ വിശ്രമിച്ചു കാലാവസാനത്തിൽ നിന്റെ ഓഹരി ലഭിപ്പാൻ എഴുന്നേറ്റുവരും. ഇതുലഭിപ്പാനുള്ള സമയം ഏറ്റവും ആസന്നമായിരിക്കുന്നു. ഒരു നാളിൽ പ്രിയപ്പെട്ട സഹോദരിയെ കാണാം. "കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവരുകയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും" (1 തെസ്സ. 4:16,17). അന്ന് നമുക്ക് മരിച്ചുപോയ സകല വിശുദ്ധന്മാരെയും മദ്ധ്യാകാശത്തിൽ വെച്ചുകാണാം.

ശ്രീമതി അന്നമ്മ സി. ജോണിനെപ്പോലെ തിരുവചനത്തിൽ നിശ്ചയമുള്ള സഹോദരിമാരെ ദൈവം ഒരുക്കട്ടെ. ആത്മികമായി വളരുവാൻ ക്രൈസ്തവ വനിതകൾ നല്ല ആലോചനകൾ ക്രൈസ്തവ വനിത മാസികയിൽ എഴുതുവാൻ സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. എനിക്കു തിയോളജിപരമായി എഴുതുവാൻ കഴിവില്ല. എന്നാൽ കഴിവതും ഞാൻ വനിതയിൽ എഴുതുവാൻ ആഗ്രഹിക്കുന്നു. സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം കുടുംബത്തെ ആശ്വസിപ്പിക്കയും ധൈര്യപ്പെടുത്തുകയും ചെയ്യട്ടെ. കർത്താവിന്റെ രണ്ടാംവരവിൽ വീണ്ടും കണ്ടുമുട്ടാമെന്ന പ്രത്യാശയോടെ ആയിരിക്കട്ടെ!.



# QUEST 73

**(ഈ ലക്കം QUEST –73 ലെ ചോദ്യങ്ങൾ ഹബക്കുക്, സെഫന്യാവ്, ഹഗ്ഗായി, സെഖര്യാവ്, മലാഖിഎന്നീ പുസ്തകങ്ങളിൽ നിന്നാണ്)**

1. ദൈവത്തിന്റെ നാമത്തെ നമസ്കരിക്കുന്നവർക്കുവേണ്ടി ദൈവത്തിന്റെ സന്നിധിയിലുള്ള പുസ്തകമേത്?
2. യഹോവ ഏതു പട്ടണത്തിനുചുറ്റുമാണ് തീമതിലായിരിക്കുമെന്ന് അരുളിച്ചെയ്തത്?
3. ഞാൻ നിന്നെ എടുത്തു മുദ്രമോതിരമാക്കും എന്ന് യഹോവ അരുളിച്ചെയ്തത് ആരോട്?
4. സൊദോമിനെയും ഗോമോറയെയുംപോലെ ആയിത്തീരുന്ന രണ്ട് ദേശങ്ങളേവ?
5. ഹബക്കൂക് ഏത് രാഗത്തിലാണ് പ്രാർത്ഥനാഗീതം എഴുതിയിരിക്കുന്നത്?
6. ദശാംശം മുഴുവനും ഭണ്ഡാരത്തിലേക്കു കൊണ്ടുവരേണ്ടത് എന്തിന്?
7. സെഫന്യാവിന്റെ മകന്റെ പേരെന്ത്?
8. ഏതുരാജാവിന്റെ കാലത്താണ് ഹഗ്ഗായിക്ക് യഹോവയുടെ അരുളപ്പാട് ഉണ്ടായത്?
9. നിന്റെ ദൈവമായ യഹോവ രക്ഷിക്കുന്ന — നിന്റെ മദ്ധ്യേ ഇരിക്കുന്നു.
10. സമുദ്രതീരനിവാസികളാര്?
11. ലേവിയോടുള്ള ദൈവത്തിന്റെ നിയമം എന്തായിരുന്നു?
12. ആരാണ് "വാളേ, എന്റെ ഇടയന്റെ നേരെയും, എന്റെ കൂട്ടാളിയായ പുരുഷന്റെ നേരെയും ഉണരുക" എന്ന് അരുളിച്ചെയ്തത്?
13. യഹോവയുടെ ദൂതൻ എന്നു വിളിക്കപ്പെട്ട പ്രവാചകൻ ആര്?
14. സെഫന്യാവിന്റെ പിതാവാര്?
15. നീതിമാൻ വിശ്വാസത്താൽ ജീവിക്കും എന്നു പറഞ്ഞ പ്രവാചകനാര്?
16. നീതിമാനും, ജയശാലിയും, താഴ്മയുള്ളവനും ആയി കഴുതപ്പുറത്തും പെൺകഴുതയുടെ കുട്ടിയായ ചെറുകഴുതപ്പുറത്തും കയറി വരുന്നത് ആര്?
17. ഉഗ്രതയും വേഗതയുമുള്ള ജാതിയായി പറഞ്ഞിരിക്കുന്നതാരെയാണ്?
18. യഹോവയുടെ ദൂതന്റെ മുമ്പാകെ മുഷിഞ്ഞ വസ്ത്രം ധരിച്ചുനിന്ന മഹാപുരോഹിതൻ ആര്?
19. ഇദ്ദോപ്രവാചകന്റെ മകൻ ആര്?
20. യോശിയാവിന്റെ പിതാവിന്റെ പേരെന്ത്

## പ്രത്യേക ശ്രദ്ധയ്ക്ക്

**ക്വെസ്റ്റ് 73-ന്റെ ഉത്തരങ്ങൾ റഫറൻസു സഹിതം 2020 ഒക്ടോബർ 20 നു മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.**

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം :**

**ക്രൈസ്തവ വനിത, ഗുഡ്ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം – 695 011**

## QUEST– 72 - ന്റെ ശരി ഉത്തരങ്ങൾ

| | | | | | |
|---|---|---|---|---|---|
| 1. | പരാക്രമശാലികൾ | (നഹൂം 2:3) | 11. | എല്ക്കോശ്യ | (നഹൂം 1:1) |
| 2. | ബാശാനിലും, ഗിലെയാദിലും | (മീഖാ 7:14) | 12. | നിനെവേക്കാർ | (യോനാ 3:5) |
| 3. | യോനാ | (യോനാ 4:3) | 13. | മോവാബ് | (ആമോസ് 2:1) |
| 4. | അത് വിശുദ്ധമായിരിക്കും | (ഓബ. 1:17) | 14. | പെഥുവേൽ | (യോവേൽ 1:1) |
| 5. | ആമോസ്, അമസ്യാവോട് | (ആമോസ് 7:14) | 15. | മോരസ്ത്യ | (മീഖാ 1:1) |
| 6. | ശിത്തീം | (യോവേൽ 3:18) | 16. | ആമോസ് | (ആമോസ് 8:1,2) |
| 7. | യഹോവയുടെ വലുതും ഭയങ്കരവുമായ ദിവസം വരും മുമ്പേ | (യോവേൽ 2:31) | 17. | യഹോവ കല്പിച്ചതുകൊണ്ട് | (യോനാ 2:10) |
| 8. | കീയൂൻ | (ആമോസ് 5:26) | 18. | സീയോൻ പുത്രിയോട് | (മീഖാ 4:13) |
| 9. | അവരുടെ പ്രവൃത്തികളാൽ | (യോനാ 3:10) | 19. | അമിത്ഥായി | (യോനാ 1:1) |
| 10. | ബേത്ലഹേം എഫ്രാത്തിൽനിന്ന് | (മീഖാ 5:2) | 20. | നോ-അമ്മോൻ | (നഹൂം 3:8) |

Published by Dr. Charles John, Good News, Akkulam Road, Trivandrum 695 011
Printed at Grace Printers, Muttada. Mob: 9447059891